*15-10-2026*

*Adjournment Motion*

## II നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം

മി. സ്പീക്കർ: ഇടുക്കി ജില്ലാ കളക്ടർ 23-09-2026-ന് ഇറക്കിയ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പന്തടിക്കളം, ശാന്തൻപാറ, ചിന്നക്കനാൽ തുടങ്ങിയ പ്രദേശങ്ങളിൽ കർഷകരും നാട്ടുകാരും കെട്ടിയ സംരക്ഷണ വേലികളും ഭിത്തികളും വനം വകുപ്പ് ഉദ്യോഗസ്ഥർ പൊളിച്ചുമാറ്റിയതിൽ കർഷകർക്കും മലയോര മേഖലയിലെ ജനതയ്ക്കും ഉണ്ടായിട്ടുള്ള ആശങ്ക സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് സർവശ്രീ ശ്രീ. കെ. യു. ജനീഷ് കുമാർ, കെ. രാജൻ, പി. കെ. പ്രവീൺ എന്നീ അംഗങ്ങൾ ചട്ടം 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

### ഇടുക്കി ജില്ലാ കളക്ടറുടെ വിവാദ ഉത്തരവ്

വനം, വന്യജീവി-നൈപുണ്യ വികസന വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, ആഗസ്റ്റ് 27 മുതൽ സെപ്റ്റംബർ 23 വരെയുള്ള 25 ദിവസങ്ങൾക്കിടയിൽ 3 മരണങ്ങൾ ചിന്നക്കനാൽ പ്രദേശത്ത് സംഭവിച്ചതിനെ തുടർന്ന് ഡിസാസ്റ്റർ ആക്റ്റ് പ്രകാരം ബഹുമാനപ്പെട്ട കളക്ടർ യോഗം വിളിച്ചുകൂട്ടുകയും ചില തീരുമാനങ്ങൾ കൈക്കൊള്ളുകയും

ചെയ്തു. ചിന്നക്കനാലിൽ അനധികൃതമായി നിർമ്മിച്ചിരിക്കുന്ന സോളാർ വേലികൾ നീക്കംചെയ്യാനുള്ള തീരുമാനമാണ് അദ്ദേഹം പുറപ്പെടുവിച്ചത്. കഴിഞ്ഞ സർക്കാരിന്റെ കാലത്താണ് സംസ്ഥാന സവിശേഷ ദുരന്തമായി Man-Animal Conflict-നെ പ്രഖ്യാപിച്ചത്. അതുവഴി ലഭിച്ച അധികാരത്തിന്റെ അടിസ്ഥാനത്തിലാണ് കളക്ടർ പ്രവർത്തിച്ചത്. ചിന്നക്കനാലുമായി ബന്ധപ്പെട്ട് അനധികൃതമായി നിരവധി നിർമ്മിതികളുണ്ടെന്ന് ബോധ്യപ്പെട്ട പശ്ചാത്തലത്തിലാണ് ഇങ്ങനെയൊരു തീരുമാനം കൈക്കൊണ്ടത്. അനധികൃതമായി നിർമ്മിച്ച വേലികൾ മാറ്റുന്നതിന് ചുമതലപ്പെടുത്തിയത് വനം വകുപ്പിനെയാണ്. അതിന്റെ ഭാഗമായി നിയമാനുസൃതമായി നിർമ്മിച്ച ഏതെങ്കിലും വേലികൾ നീക്കംചെയ്തിട്ടുണ്ടോയെന്ന് പരിശോധന നടത്തുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ വനംവകുപ്പ് ഇതുമായി ബന്ധപ്പെട്ട ഓരോരുത്തരുടെയും പരാതികൾ കേൾക്കുകയും നിയമാനുസൃതമായി നിർമ്മിച്ച വേലികൾ ഒരെണ്ണംപ്പോലും നീക്കം ചെയ്യാൻ പാടില്ലെന്ന നിലപാട് സ്വീകരിക്കുകയും ചെയ്തു. എന്നാൽ ഈ വിഷയങ്ങൾക്ക് പരിഹാരം കാണുക എന്ന

ഉദ്ദേശ്യത്തോടുകൂടി മാത്രമാണ് ഈ ഉത്തരവ് പുറപ്പെടുവിച്ചതും അതിന്റെ നടപടിക്രമങ്ങളുമായി മുന്നോട്ടുപോയതും.

മി. സ്പീക്കർ: എല്ലാവരും സഭയുടെ decorum പാലിക്കണം. ഞാനിത് മൈക്കിൽ കൂടി പറയാതിരിക്കാൻ പരമാവധി ശ്രമിക്കുന്നുണ്ട്. കഴിയുന്നത്ര സഭയുമായി സഹകരിക്കണം.

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി എന്നെ അത്യന്തം ഭയപ്പെടുത്തുകയും അത്ഭുതപ്പെടുത്തുകയും ചെയ്യുന്നു. വന്യജീവികൾ സഞ്ചരിക്കുന്ന സ്വാഭാവിക പാതകൾ, അവിടെ മനുഷ്യർ ഉണ്ടാക്കിയ തടസങ്ങൾ അതായത് വേലികൾ, മതിലുകൾ, കെട്ടിടങ്ങൾ ഇതെല്ലാം പൊളിച്ചുനീക്കുന്നതിനുവേണ്ടിയുള്ള ഉത്തരവാണ് സെപ്റ്റംബർ മാസം 23-ാം തീയതി ഇടുക്കി ജില്ലാ കളക്ടർ ഇറക്കിയിട്ടുള്ളത്. ഈ ഉത്തരവിൽ പറയുന്ന സ്ഥലങ്ങൾ ഇടുക്കി ജില്ലയിലെ വനത്തിലല്ല, ഇടുക്കി ജില്ലയിലെ ജനവാസ മേഖലയിലും റവന്യൂ ഭൂമിയിലുമാണ് സ്ഥിതിചെയ്യുന്നത്. റവന്യൂ ഭൂമിയിൽ വനംവകുപ്പിന് എന്ത് കാര്യമാണ്? ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർമാനായ ജില്ലാ കളക്ടറാണ്

ഉത്തരവ് പുറപ്പെടുവിച്ചതെന്ന് അങ്ങ് പറഞ്ഞു. അങ്ങ് അത് വ്യഖ്യാനിച്ചത്, കഴിഞ്ഞ സർക്കാർ ഇറക്കിയ മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കാനുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ എന്നാണ്. എത്ര ഫലപ്രദമായാണ് അങ്ങ് സഭയെയും നാടിനെയും തെറ്റിദ്ധരിപ്പിക്കുന്നത്? ആ ഉത്തരവ് എന്റെ കൈയിലുണ്ട്. മനുഷ്യ വന്യജീവി സംഘർഷം എന്ന പദം ആ ഉത്തരവിൽ ഇല്ല. എന്തുകൊണ്ടാണ് ഇല്ലാത്തത്? മനുഷ്യ വന്യജീവി സംഘർഷമല്ല വന്യജീവി ആക്രമണമാണെന്ന് അന്നത്തെ സർക്കാരിന് അറിയാമായിരുന്നു. ഈ മാസം 3 പേരും കഴിഞ്ഞ 4 മാസത്തിനിടെ 13 പേരും വന്യജീവി ആക്രമണത്തിൽ മരിച്ചുവെന്ന് അങ്ങ് പറഞ്ഞു. മലയോര മേഖലയിലെ ജനങ്ങൾ ഒരു ആനയെ എങ്കിലും നുള്ളിനോവിച്ചിട്ടുണ്ടോ? മനുഷ്യനുനേരെ വന്യജീവികൾ നടത്തുന്ന ആക്രമണം സംസ്ഥാന ദുരന്തമായി പ്രഖ്യാപിക്കണമെന്ന് ആ ഉത്തരവിൽ വ്യക്തമായി പറയുന്നുണ്ട്. മനുഷ്യന് സംരക്ഷണം നൽകുന്നതിനുവേണ്ടി ഇറക്കിയ ആ ഉത്തരവിനെ ദുർവ്യാഖ്യാനിച്ചാണ് ഇത്തരത്തിൽ ജനവാസ മേഖലയിലേക്ക് വന്യമൃഗങ്ങൾ ഇറങ്ങുന്നതിനുവേണ്ടി അവരുടെ സ്വഭാവിക

സഞ്ചാര പാതയുടെ തടസ്സങ്ങൾ നീക്കിനൽകുന്നത്. എന്താണ് കേരളത്തിൽ നടക്കുന്നത്; വനരാജ് ആണോ? വനത്തിനുള്ളിൽ ഏതെങ്കിലും പാത കെട്ടിയടച്ചിട്ടുണ്ടോ? കെട്ടിയടച്ചിട്ടുണ്ടെങ്കിൽ നിങ്ങൾക്ക് മാറ്റാമല്ലോ. ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ് ഓഫ് ഇന്ത്യ അംഗീകരിച്ച 135 ആനത്താരകളിൽ 7 എണ്ണം കേരളത്തിലുണ്ട്. ആ 7 എണ്ണവും തുറന്നിരിക്കുകയാണ്. പിന്നെ എവിടെ നിന്നാണ് കേരളത്തിലെ വനംവകുപ്പ് ഉദ്യോഗസ്ഥർക്ക് ഈ പറയുന്ന ജനവാസ മേഖലയിലെ ആനത്താരകൾ? ഈ ഉത്തരവ് റദ്ദ് ചെയ്യുമെന്ന് അങ്ങ് ഇപ്പോഴെങ്കിലും പറയുമെന്നാണ് ഞാൻ കരുതിയത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി 25-ാം തീയതിയാണ് ഇടുക്കിയിൽ എത്തുന്നത്. 23-ാം തീയതിയാണ് ഉത്തരവ് ഇറങ്ങുന്നത്. 25-ാം തീയതി അദ്ദേഹം ഇടുക്കിയിൽ എത്തുമ്പോൾ ഇടുക്കി രൂപത അദ്ദേഹത്തോട് ഉത്തരവ് റദ്ദ് ചെയ്യണമന്ന് ആവശ്യപ്പെട്ടു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പാർട്ടിയുടെ ജില്ലാ പ്രസിഡന്റ് ശ്രീ. സി. പി. മാത്യു ഇന്നലെ പത്രസമ്മേളനം വിളിച്ച് പറഞ്ഞത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവിടെ വച്ചുതന്നെ അത് റദ്ദ് ചെയ്യുമെന്നാണ് ഞാൻ കരുതിയത് എന്നാണ്. അദ്ദേഹം അങ്ങനെ

പറയാൻ കാര്യമെന്താണ്? അടിമുടി നിയമവിരുദ്ധമാണ് ഈ ഉത്തരവ്. ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയിൽ വനംവകുപ്പിന് എന്താണ് കാര്യം; വനംവകുപ്പ് അതിലുണ്ടോ? ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ചെയർമാനല്ലേ? ജില്ലാ ദുരന്ത നിവാരണ അതോറിറ്റി കോ-അധ്യക്ഷൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, അതോടൊപ്പം തന്നെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, ഫയർ ആന്റ് സേഫ്റ്റി ഉദ്യോഗസ്ഥർ എന്നിവരുടെ യോഗം ചേർന്നോ? ആ യോഗം ചേർന്നാണോ ഈ തീരുമാനമെടുത്തിട്ടുള്ളത്. നിയമവിരുദ്ധവും ഭരണഘടന ലംഘനവുമല്ലേ? ഭരണഘടനയുടെ അർട്ടിക്കിൾ 21 അനുസരിച്ച് മനുഷ്യന്റെ ജീവനും സ്വത്തിനുമുള്ള സംരക്ഷണത്തിന് വിരുദ്ധമായാണ് ഈ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. അങ്ങ് ചെയ്യേണ്ടത് എന്തായിരുന്നു? ആ ഉത്തരവിനെക്കുറിച്ച് സി.പി.ഐ.(എം.) ജില്ലാ സെക്രട്ടറി, ഗ്രൂപത അധ്യക്ഷന്മാർ, കർഷക സംഘം പ്രതിനിധികൾ എന്നിവരെല്ലാം പറഞ്ഞു. അങ്ങയുടെ പാർട്ടി പ്രസിഡന്റെങ്കിലും പറയുന്നത് കേട്ട്, അദ്ദേഹത്തിന് അവിടെ നിൽക്കണമല്ലോ, ആ ഉത്തരവ് വലിച്ചുകീറി ചുരുട്ടിക്കളഞ്ഞ്

നിയമവിരുദ്ധ ഉത്തരവ് റദ്ദ് ചെയ്യുണ്ടോ? റദ്ദ് ചെയ്തില്ല, ആ ഉത്തരവ് റദ്ദ് ചെയ്യാത്തതിന്റെ ഭാഗമായി അടുത്ത 28-ാം തീയതി വേറൊരു ഉത്തരവിറങ്ങി. തോട്ടം മേഖലകളിൽ വൈകിട്ട് 6 മണി മുതൽ രാവിലെ 6 മണി വരെ മനുഷ്യർ പുറത്തിറങ്ങരുത് എന്നാണ് ആ ഉത്തരവിൽ പറയുന്നത്. ദുരന്ത നിവാരണ നിയമമനുസരിച്ച് കേസ് എടുക്കുമെന്നും രണ്ട് വർഷം വരെ തടവ് ശിക്ഷ ലഭിക്കുമെന്നുമാണ്. കട്ടപ്പന, നെടുങ്കണ്ടം, ഉടുമ്പൻചോല, ചിന്നക്കനാൽ, ദേവികുളം, വിനോദസഞ്ചാരികൾ വരുന്ന മൂന്നാർ തുടങ്ങിയ പ്രദേശങ്ങളാണ് അതിലുള്ളത്. ആ ഉത്തരവ് വിവാദമാകുമ്പോൾ അതിനെ സ്പഷ്ടീകരിക്കാൻ വേണ്ടി ഒക്ടോബർ 01-ാം തീയതി വേറൊരു ഉത്തരവിറക്കുന്നു. ഹോട്ട്സ്പോട്ടുകളിൽ മാത്രമാണെന്നാണ് അതിൽ പറഞ്ഞിട്ടുള്ളത്. ആ ഹോട്ട്സ്പോട്ടുകൾ ആരാണ് നിശ്ചയിക്കുന്നത്; വനംവകുപ്പ് നിശ്ചയിക്കും. കഴിഞ്ഞ മൂന്ന് ദിവസങ്ങൾക്കുമുമ്പ് വനംവകുപ്പിന്റെ വെബ്സൈറ്റിൽ ഹോട്ട് സ്പോട്ടുകളെ സംബന്ധിച്ച ഒരു ഉത്തരവ് പ്രസിദ്ധപ്പെടുത്തുകയുണ്ടായി. ചിന്നക്കനാലിൽനിന്ന് മതികെട്ടാനിലേക്കും ദേവികുളത്തേക്കും

സൂര്യനെല്ലിയിലേക്കുമുള്ള പാതകൾ, അതായത് ഇടുക്കി ജില്ലയിലെ പ്രധാനപ്പെട്ട പാതകളെല്ലാം ആനത്താരകളാണെന്ന് കണക്കാക്കി ഹോട്ട് സ്പോട്ടുകൾ നിശ്ചയിച്ച ഒരു ഉത്തരവാണ് കേരളത്തിലെ വനം വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയത്. കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ബി.എം.&ബി.സി. നിലവാരത്തിൽ നിർമ്മിച്ച മനോഹരമായ ഹൈവേ ഉൾപ്പെടെയുള്ള റോഡുകളെല്ലാം ആനത്താരകളാണെന്നാണ് പറയുന്നത്. ഈ ഉത്തരവ് ഇടുക്കി ജില്ലാ കളക്ടറുടെ മാത്രം നിർദേശമല്ല, ഇതിന്റെ പിന്നിൽ ഒരു വലിയ ഗൂഢാലോചന നടന്നിട്ടുണ്ട്. ഇതിന്റെ പിന്നിൽ ഗവൺമെന്റും മുഖ്യമന്ത്രിയും പല മന്ത്രിമാരുമുണ്ട്. ഇടുക്കി ജില്ലയിലെ സി.എച്ച്.ആർ. (കാർഡമം ഹിൽ റിസർവ്) ഭൂമിയെല്ലാം വനഭൂമിയാക്കി മാറ്റുന്നതിനുവേണ്ടി വളരെ ബോധപൂർവമായ പരിശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട ചെയറിന് അറിയാവുന്ന കാര്യമാണ്, മുമ്പ് അങ്ങ് ഈ വിഷയം സംബന്ധിച്ച കമ്മിറ്റിയുടെ അംഗമായിരുന്നു. ഇടുക്കി ജില്ലയിൽ 1822-ൽ മഹാറാണിയുടെ രാജകല്പനയുടെ അടിസ്ഥാനത്തിൽ ഏലം

കർഷകർക്ക് കൃഷി ചെയ്യാൻ നൽകിയ ഭൂമി ഇന്ന് വളഞ്ഞ വഴിയിലൂടെ വനമാക്കാനുള്ള വനം വകുപ്പിന്റെ പരിശ്രമങ്ങൾക്ക് ഈ ഗവൺമെന്റ് കൂട്ടുനിൽക്കുകയാണ്, അത് വളരെ വ്യക്തമാണ്. ഇ.എസ്.എ. (Ecologically Sensitive Area)-യുമായി ബന്ധപ്പെട്ട റിപ്പോർട്ട് നൽകുകയും ടി റിപ്പോർട്ട് പൂഴ്ത്തി വയ്ക്കുകയും ചെയ്തു. ഏറെ വിവാദങ്ങൾക്കുശേഷം നിയമസഭയിൽ പ്രതിപക്ഷം ഉപക്ഷേപത്തിന് നോട്ടീസ് നൽകിയപ്പോൾ ടി റിപ്പോർട്ട് പുറത്തുവിടുകയാണുണ്ടായത്. കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ ഗവൺമെന്റ് ഈ വിഷയം എങ്ങനെയാണ് കൈകാര്യം ചെയ്തത്? ആറ് കരട് വിജ്ഞാപനങ്ങൾ പുറപ്പെടുവിപ്പിച്ചപ്പോഴും ഈ വിഷയം നിയമപരമായാണ് കൈകാര്യം ചെയ്തത്. ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിലുള്ള യോഗവും ജില്ലാ കളക്ടറുടെ അധ്യക്ഷതയിലുള്ള സമിതിയും പഞ്ചായത്ത് തലത്തിൽ വനം, റവന്യൂ, സർവെ വകുപ്പുകളിലെ സമിതികളും യോജിച്ചുനിന്നാണ് ഈ വിഷയം നിയമപരമായി കൈകാര്യം ചെയ്തത്. 8590.73 ചതുരശ്ര കിലോമീറ്റർ ഭൂമിയുടെ അളവ് മുൻ ഗവൺമെന്റ് കൊടുത്തത് നിങ്ങളും കൊടുത്തിട്ടുണ്ട്. സംസ്ഥാന സർക്കാർ 2026-ൽ

കേന്ദ്രത്തിനയച്ച ഏറ്റവും പുതിയ റിപ്പോർട്ടിന്റെ പാരഗ്രാഫ് 6/10-ൽ പറയുന്നത് പരിസ്ഥിതിലോല വില്ലേജുകളായി നിശ്ചയിച്ചിട്ടുള്ള 131 വില്ലേജുകളിൽ കവിഞ്ഞ് കൂടുതൽ വില്ലേജുകളിൽ അതായത്, 131-നുപുറമെ ഇനിയും കൂടുതൽ വില്ലേജുകൾ വനമുണ്ടെന്നാണ്. ഈ വിവരങ്ങൾ ഞങ്ങളുടെ കൈവശമുണ്ടെങ്കിലും ഇപ്പോൾ പറയുന്നില്ല. ഇവയെല്ലാം വനനിയമത്തിൽ ഉൾപ്പെടുത്തി വനമായും സംരക്ഷിത വനമായും സംരക്ഷിക്കുകയാണ്. അതുസംബന്ധിച്ച വിവരങ്ങൾ ആവശ്യമെങ്കിൽ പിന്നീട് കൈമാറാവുന്നതാണ് എന്നാണ് പറയുന്നത്. ഇതൊരു കെണിയാണ്, ഇടുക്കി ജില്ലയിലെ മാത്രമല്ല മലയോര കർഷകരുടെ ജീവൽ പ്രശ്നമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഒരു വളഞ്ഞ വഴിയാണ്. 2010-ൽ പ്രൊഫ. മാധവ് ഗാഡ്ഗിൽ അദ്ധ്യക്ഷനായ പശ്ചിമഘട്ട പരിസ്ഥിതി വിദഗ്ദ്ധ സമിതിയിലൂടെ കാർബൺ ഫണ്ട് വാങ്ങുന്നതിനുവേണ്ടി പരിസ്ഥിതി സംരക്ഷിക്കുന്നതിന് തീരുമാനമെടുത്തത് കോൺഗ്രസ് ഗവൺമെന്റാണ്. 9993 ച. കി. മീ. വനഭൂമിയുണ്ടെന്ന് വനം വകുപ്പ് നൽകിയ അതേ റിപ്പോർട്ട് ഡോ. ഉമ്മൻ വി. ഉമ്മൻ കമ്മീഷന് നൽകി. അതേ

ഗവൺമെന്റുതന്നെ ഇപ്പോൾ മലയോരമേഖലയെ ചതിക്കുകയാണ്. ഇക്കാര്യത്തിൽ ഗവൺമെന്റ് അടിയന്തരമായി ഇടപെടണം. ബഹുമാനപ്പെട്ട വനം, വന്യജീവി-നൈപുണ്യ വികസന വകുപ്പുമന്ത്രി എന്തൊക്കെയാണ് പറയുന്നത്, മാന്ത്രികവടിയൊന്നും വേണ്ട, കർഷകനെ സഹായിക്കാനുള്ള നല്ല മനസ്സ് മതി. ചക്ക പറിച്ചുമാറ്റിയാൽ ആനയുടെ ശല്യം തീരുമെന്ന നിലയിൽ വലിയ ഒരു പദ്ധതി പ്രഖ്യാപിച്ചു, ചക്ക പദ്ധതി. അവിടെയുള്ള മുള്ളൻ പന്നി ചേനയും ചേമ്പുമെല്ലാം കൊണ്ടുപോകുകയാണ്, അങ്ങ് ചേന പദ്ധതി പ്രഖ്യാപിക്കണം. തേങ്ങയെല്ലാം കുരങ്ങ് കൊണ്ടുപോകുയാണ്, അങ്ങ് തേങ്ങ പദ്ധതി പ്രഖ്യാപിക്കണം. കപ്പയെല്ലാം തുരപ്പനെലി കൊണ്ടുപോകുയാണ്, അങ്ങ് കപ്പ പദ്ധതി പ്രഖ്യാപിക്കണം. അങ്ങ് ജനങ്ങളെ വെല്ലുവിളിക്കുകയാണ്. വനമേഖലയിലെ പ്രശ്നങ്ങളുടെ എ ബി സി ഡി അങ്ങ് പഠിച്ചിട്ടില്ല, വനം വകുപ്പിലെ ചില ഉദ്യോഗസ്ഥർ എഴുതിനൽകുന്നത് വായിക്കുകയും പ്രസംഗിക്കുകയും ചെയ്ത് മലയോരമേഖലയിൽ മൂന്നും നാലും തലമുറകൾക്ക് അനുവദിച്ച ജനങ്ങളുടെ അവകാശങ്ങൾ ഇല്ലാതാക്കാൻ ശ്രമിക്കുകയാണ്. ഇടുക്കിയിലെ

മലയോരമേഖലയിലെ ജനങ്ങൾ വലിയ പ്രക്ഷോഭത്തിലാണ്. അങ്ങ് ഇടപെട്ട് അടിയന്തരമായി ഈ ഉത്തരവ് റദ്ദ് ചെയ്യണം. ഇത് ഭരണഘടനാ വിരുദ്ധവും നിയമവിരുദ്ധവും മനുഷ്യാവകാശങ്ങളുടെ ലംഘനവുമാണ്. കഴിഞ്ഞ കാലങ്ങളിൽ ശ്രീ. പിണറായി വിജയൻ, വി. എസ്. അച്യുതാനന്ദൻ, ഇ. കെ. നായനാർ, ഇ. എം. എസ്. നമ്പൂതിരിപ്പാട് എന്നിവരുടെ ഗവൺമെന്റുകൾ മലയോരമേഖലയിലെ ജനങ്ങൾക്ക് അനുവദിച്ചുകൊടുത്ത അവകാശങ്ങൾ കവർന്നെടുക്കാനാണ് ശ്രമിക്കുന്നത്. എ.കെ.ജി. മുതൽ ശ്രീ. എം. എം. മണി വരെയുള്ള കമ്മ്യൂണിസ്റ്റ് പോരാളികളുടെ പോരാട്ടംമൂലമാണ് ഈ മലയോരമേഖലയിലെ ജനങ്ങൾക്ക് അഭിമാനപൂർവം ജീവിക്കാൻ കഴിയുന്ന സാഹചര്യമുണ്ടായത്. ഇത് അവസാനിപ്പിക്കണം, ഈ ഉത്തരവ് റദ്ദ് ചെയ്യണം, അല്ലെങ്കിൽ അതിശക്തമായ എതിർപ്പ് ഉയർന്നുവരും.

വനം, വന്യജീവി-നൈപുണ്യ വികസന വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, വനം വകുപ്പിന്റെ ചുമതലയേറ്റെടുത്തതിനുശേഷം ബോധ്യപ്പെട്ട ചില കാര്യങ്ങളുണ്ട്. പരിസ്ഥിതിയുമായി ബന്ധപ്പെട്ട് കേന്ദ്ര

ഗവൺമെന്റിന് പരിവേഷ് (PARIVESH) എന്ന പോർട്ടലുണ്ട്. അതിനെക്കുറിച്ച് കുറച്ചുനാളുകൾക്കുമുമ്പ് പത്തനംതിട്ടയിലെ ഒരു ജനപ്രതിനിധി മനസ്സിലാക്കി പറഞ്ഞത് ഇക്കാര്യങ്ങളെല്ലാം കൈകാര്യം ചെയ്യാൻ പരിവേഷ് എന്നൊരു ഹിന്ദിക്കാരനെ ഏൽപിച്ചിരിക്കുകയാണെന്നും അതാണ് ഇവിടത്തെ പ്രശ്നമെന്നുമാണ്. ഇത്തരക്കാരെ പറഞ്ഞ് ബോധ്യപ്പെടുത്തുന്നതിനേക്കാൾ എളുപ്പം ആനയെയും കഴുതയെയും കുരങ്ങനെയുമൊക്കെ ബോധ്യപ്പെടുത്തുന്നതാണ്. ചിന്നക്കനാലിൽ ആകെ വനഭൂമി മൂന്ന് ചില്വാനം ഹെക്ടർ മാത്രമേയുള്ളൂ. (........ബഹളം.....)

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയട്ടെ. മറുപടി പറഞ്ഞതിനുശേഷം ഓർഡറായി സംസാരിക്കാം.

<u>ശ്രീ. ഷിബു ബേബി ജോൺ</u>: സർ, എല്ലാ കാര്യങ്ങൾക്കും മറുപടി പറയാം. (......ബഹളം.....)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞതിനുശേഷം സംശയമുണ്ടെങ്കിൽ അപ്പോൾ ചോദിക്കാം. (.......ബഹളം.....) Minister, you can continue.....

ശ്രീ. ഷിബു ബേബി ജോൺ: സർ, വിഷയം പറഞ്ഞുകഴിഞ്ഞ് എന്തിനും മറുപടി പറയാം. (.......ബഹളം.....)

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങൾ സീറ്റിലിരിക്കു.... മന്ത്രി മറുപടി പറയട്ടെ.

പ്രതിപക്ഷനേതാവ് (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി ജിജ്ഞാസപൂർവം കേൾക്കാനാണ് ഞങ്ങളെല്ലാവരും ഇരിക്കുന്നത്. എന്നാൽ അദ്ദേഹം സംസാരിച്ച് തുടങ്ങിയത് ബഹുമാനപ്പെട്ട ചെയറും ശ്രദ്ധിച്ചല്ലോ. ആ രീതിയിൽ സംസാരിച്ച് തുടങ്ങുന്നത് ശരിയായിരുന്നോ? (....ബഹളം.....) ഞാൻ ചെയറിനോടാണ് സംസാരിക്കുന്നത്.

മി. സ്പീക്കർ: ദയവായി പ്രതിപക്ഷനേതാവ് സംസാരിക്കുന്നത് ശ്രദ്ധിക്കൂ.

*15-10-2026*

*Adjournment Motion*

ശ്രീ. പിണറായി വിജയൻ: സർ, ഇക്കാര്യം ഞാൻ ബഹുമാനപ്പെട്ട ചെയറിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. (.....ബഹളം.....) ഇത് എനിക്കെതിരെയല്ല, ബഹുമാനപ്പെട്ട ചെയറിനെ ചോദ്യം ചെയ്യുന്നതായാണ് എനിക്ക് തോന്നുന്നത്. അങ്ങനെയൊരു നിലപാട് സഭയിൽ തുടരുന്നത് ശരിയല്ലല്ലോ.... ഇവിടെ ബഹുമാനപ്പെട്ട മന്ത്രി സംസാരിച്ചുതുടങ്ങിയത് ഉപക്ഷേപം അവതരിപ്പിച്ചയാളെ ആക്ഷേപിക്കുന്ന തരത്തിലാണ്, അത് ശരിയായില്ലെന്നാണ് തോന്നുന്നത്. അക്കാര്യം ചെയർ ശ്രദ്ധിക്കേണ്ടതാണ്. പ്രതിപക്ഷത്തുനിന്നും പ്രശ്നങ്ങൾ ഉന്നയിക്കുന്നവർക്ക് അങ്ങയുടെ ഭാഗത്തുനിന്നുമാണ് സംരക്ഷണം നൽകേണ്ടത്.

മി. സ്പീക്കർ: തീർച്ചയായും. Minister, you can continue.....

ശ്രീ. ഷിബു ബേബി ജോൺ: സർ, ചിന്നക്കനാലിൽ ആകെ വനഭൂമി മൂന്ന് ചില്വാനം ഹെക്ടർ മാത്രമേയുള്ളൂ. ചിന്നക്കനാലിൽ പ്രഖ്യാപിതമായ ഒരു ആനത്താരയുമില്ല. എന്നാൽ അവിടെ എന്താണ് സംഭവിച്ചത്? അവിടെ മുപ്പതിനായിരം ജനങ്ങളും പതിനെട്ട് ആനകളും കുറെക്കാലമായി ഒരുമിച്ച് ജീവിക്കുകയാണ്. എന്റെ കാലഘട്ടത്തിലല്ല, വർഷങ്ങളായുള്ള സ്ഥിതി

അതാണ്. ഇവിടെ വളരെ ഗൗരവമായി അവതരിപ്പിച്ച വിഷയത്തിൽ, ഏറ്റവും ഒടുവിൽ 23-ാം തീയതി ഒരു ട്രൈബൽ മരണപ്പെടുകയുണ്ടായി. അന്ന് മരണപ്പെട്ടയാളുടെ ബോഡി പോസ്റ്റുമോർട്ടത്തിനായി വിട്ടുകൊടുക്കണമെങ്കിൽ അനധികൃതമായ വേലികൾ നീക്കംചെയ്യണമെന്നാവശ്യപ്പെട്ട് അവിടത്തെ ആദിവാസികൾ സമരം ചെയ്തു. തുടർന്ന് വനം വകുപ്പുദ്യോഗസ്ഥർ ടി വേലികൾ നീക്കം ചെയ്യാമെന്ന് എഴുതി നൽകിയ ഉറപ്പിന്റെ അടിസ്ഥാനത്തിൽ ചെയ്ത കാര്യമാണ് ഇപ്പോൾ ആക്ഷേപമായി ഉയർന്നത്. ഏതുപക്ഷത്താണ് നിൽക്കുന്നത്? ഒരു മാസത്തിനകം മൂന്ന് മരണങ്ങൾ ഉണ്ടായി. ട്രൈബൽസെല്ലാം ഒത്തുകൂടി ബോഡി പോസ്റ്റുമോർട്ടം നടത്താൻ വിട്ടുകൊടുക്കാതിരുന്ന അവസ്ഥയാണുണ്ടായത്. അപ്പോൾ അവിടത്തെ ഉന്നത അധികാരത്തിൽപ്പെട്ട ഉദ്യോഗസ്ഥർ ചേർന്ന് എഴുതിനൽകിയ തീരുമാനമാണ് ഇപ്പോൾ നടപ്പായത്. Illegal ആയുള്ള വേലികൾ റിമൂവ് ചെയ്യുന്നുവെന്നുപറയുമ്പോൾ ഇവർക്കെന്താണ് ഇത്ര പൊള്ളുന്നത്?

റവന്യൂ വകുപ്പുമന്ത്രി (<u>ശ്രീ. എ. പി. അനിൽ കുമാർ</u>): സർ, ശ്രീ. കെ. യു. ജനീഷ് കുമാർ അവിടത്തെ രണ്ട് ഉത്തരവുകളെക്കുറിച്ചാണ്

പറഞ്ഞത്. ആ രണ്ട് ഉത്തരവുകളുടെയും സാഹചര്യംകൂടി സഭ പരിശോധിക്കേണ്ടതാണ്. ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി സൂചിപ്പിച്ചതുപോലെ വിജയൻ എന്ന മധ്യവയസ്കനായ ആദിവാസി ആനയുടെ ചവിട്ടേറ്റ് മരണപ്പെടുകയാണ്. ആ സാഹചര്യത്തിൽ ആ മൃതദേഹം എടുക്കുന്നതിന് അവിടെയുള്ള മുഴുവൻ ആളുകളും ഉണ്ടായിരുന്നു. ഞാൻ അടിവരയിട്ട് പറയട്ടെ, ഇന്ന് ശ്രീ. കെ. യു. ജനീഷ് കുമാറിന്റെ പാർട്ടി ഭരിക്കുന്ന പഞ്ചായത്തിലെ പഞ്ചായത്ത് പ്രസിഡന്റാണ് ആദ്യമായി ഈ ഡിമാൻഡ് വച്ചത്. ഈ ഫെൻസിങ് മുഴുവൻ പൊളിച്ചുമാറ്റിയാൽ മാത്രമേ മൃതദേഹം കൊണ്ടുപോകാവൂ എന്നുള്ള നിർദേശം വച്ചത് അവിടത്തെ പഞ്ചായത്ത് പ്രസിഡന്റാണ്. ഞാൻ പഞ്ചായത്ത് പ്രസിഡന്റിനെ കുറ്റപ്പെടുത്തുന്നില്ല. അവിടത്തെ ജനവികാരം അവർ മനസ്സിലാക്കി. അതിന്റെ അടിസ്ഥാനത്തിലാണ് ജില്ലാ കളക്ടർ, ഫോറസ്റ്റ്, എൽ.എസ്.ജി.ഡി., റവന്യൂ വകുപ്പുകൾ ഏകോപിപ്പിച്ച് ജനങ്ങളുടെ വികാരം മാനിച്ചുകൊണ്ട് അത്തരത്തിലുള്ള ഫെൻസിങ്ങുണ്ടെങ്കിൽ അത് പൊളിച്ചുമാറ്റാൻ നിർദേശിച്ചത്. രണ്ടാമത് പറഞ്ഞ കത്ത് എന്താണ്; ഇവിടെ

സൂചിപ്പിച്ചതുപോലെ നാല് പേർ മരണപ്പെട്ടതുകൊണ്ട് 6 മണിക്കുശേഷം എസ്റ്റേറ്റിൽ പോകുന്നത് ശ്രദ്ധിക്കണം എന്നാണ് പറഞ്ഞത്. സദുദ്ദേശ്യത്തോടെ ചെയ്ത കാര്യമാണ് റൂൾ 50 അനുസരിച്ച് ഇവിടെ ചർച്ച ചെയ്യുന്നത്. മനുഷ്യൻ മരിച്ചുവീഴുമ്പോൾ, വന്യമൃഗങ്ങളാൽ കൊല്ലപ്പെടുമ്പോൾ ജില്ലാ കളക്ടറുടെ ഉത്തരവാദിത്തം എന്ന നിലയിൽ, 6 മണിക്കുശേഷം ഒഴിവായിക്കിടക്കുന്ന എസ്റ്റേറ്റ് ഭൂമികളിൽ കയറിയിറങ്ങി നടക്കുന്നത് ശ്രദ്ധിക്കണമെന്ന ഒരു ഉത്തരവ് ഇറക്കിയതിന്റെ പേരിലാണ് അങ്ങ് ഇവിടെ റൂൾ 50 പ്രകാരം നോട്ടീസ് കൊണ്ടുവന്നത്. മനുഷ്യരെ സംരക്ഷിക്കാനായി ഉദ്യോഗസ്ഥർ ഇത്തരം തീരുമാനങ്ങൾ എടുക്കുമ്പോൾ കുറച്ചെങ്കിലും അതിന് പിന്തുണ കൊടുക്കണം. അതിൽ തെറ്റുണ്ടെങ്കിൽ തിരുത്താം. എം.പി. അഡ്വ. ഡീൻ കുര്യാക്കോസ്, ശ്രീ. റോയ് കെ. പൗലോസ് എം.എൽ.എ. എന്നിവർ എന്നെ വിളിച്ചിരുന്നു. സത്യാവസ്ഥ മനസ്സിലാക്കിയിട്ടുപോലും അങ്ങനെ എന്തെങ്കിലും പ്രശ്നങ്ങളുണ്ടെങ്കിൽ ആ ഉത്തരവുമായി നിങ്ങൾ മുന്നോട്ടുപോകരുതെന്നും അത് ഫ്രീസ് ചെയ്യണമെന്നും ഞാൻ കളക്ടറോട് പറഞ്ഞു. അതിന്റെയടിസ്ഥാനത്തിലാണ്

രണ്ടാമത്, ആനകൾ നിരന്തരം വരുന്ന പ്രശ്നമേഖലകളിൽ പോകരുത് എന്ന് പറയുന്നത്. ഇത് ജനങ്ങളുടെ ജീവൻ സംരക്ഷിക്കാൻവേണ്ടി എടുത്ത ഒരു തീരുമാനമാണ്, മറിച്ച് ഒരു ലക്ഷ്യവും അതിലില്ല. ഞാൻ അടിവരയിട്ട് പറയുന്നു, ഭൂമി കൈയേറ്റക്കാർ നടത്തുന്ന ഫെൻസിങ് ആര് എതിർത്താലും അത് പൊളിച്ചുമാറ്റും, അതിൽ തർക്കമില്ല. അവരെ സംരക്ഷിക്കാനുള്ള ഒരു വേദിയായി സഭ മാറരുത്. ഈ സഭയിൽ പ്രതിപക്ഷത്തിരുന്നുകൊണ്ടുതന്നെ മുൻ പ്രതിപക്ഷനേതാവ് കേരളത്തിൽ നടത്തിയ മുന്നേറ്റമെങ്കിലും അങ്ങയുടെ മനസ്സിലുണ്ടാകണം എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

<u>ശ്രീ. ഷിബു ബേബി ജോൺ</u>: സർ, പതിനാല് വാർഡുകളിലായി മുപ്പതിനായിരം ജനങ്ങളും പതിനെട്ട് ആനകളുമാണ് അവിടെയുള്ളത്. അവിടെ ഏറ്റവും പ്രശ്നക്കാരനെന്ന് കാണുന്ന ചക്കക്കൊമ്പൻ, ഫെൻസിങ് നീക്കം ചെയ്തപ്പോൾ മതികെട്ടാൻചോലയിലേയ്ക്ക് പോയി. കുറിഞ്ഞി പൂത്തുനിൽക്കുന്നതുകൊണ്ട് അവിടെ ഭക്ഷണം കുറവായതിനാൽ ആന തിരിച്ചുവരും. ഇതിനൊരു പരിഹാരം കാണണ്ടേ? നാൽപതിൽപ്പരം മരണങ്ങൾ അവിടെ നടന്നു. ഈ സർക്കാർ അധികാരത്തിൽ

വന്നതിനുശേഷം വളരെ ആഴത്തിൽ അത്യാധുനിക സംവിധാനങ്ങളോടുകൂടി ഇതിന് പരിഹാരം കാണാനുള്ള പരിശ്രമമാണ് നടക്കുന്നത്. അവിടെയാണ് Acoustic Triangulation എന്നൊരു പുതിയ മോഡൽ വച്ച് ആനകളുടെ ഓരോ ചലനവും നിരീക്ഷിച്ച് എല്ലാവർക്കും ബോധ്യമാകുന്ന നിലയിലേയ്ക്കുള്ള ഒരു പരിഹാരം കൊണ്ടുവരുന്നത്. ഈ മരണത്തെത്തുടർന്ന് 17 ആനകളെയും നിരീക്ഷിക്കാൻവേണ്ടി ഹ്യൂമൻ ഡിപ്ലോയ്മെന്റ് നടത്തുകയാണ്. അവിടെയെല്ലാം ഏർലി വാർണിങ് സിസ്റ്റം ഉണ്ട്. ഓരോ മരണങ്ങളും പരിശോധിക്കുമ്പോൾ അവിടെയെല്ലാം ഏർലി വാർണിങ് സിസ്റ്റം ഉണ്ടായിരുന്നു. പക്ഷേ അതൊന്നും കാര്യക്ഷമമായിരുന്നില്ല. പക്ഷേ ഞങ്ങൾ അതെല്ലാം ചെയ്യുന്നുണ്ട്. മാത്രമല്ല, പ്രശ്നക്കാരെന്ന് കാണുന്ന രണ്ട് ആനകളായ ചക്കക്കൊമ്പനെയും മുറിവാലൻ പിടിയാനയെയും അവിടെനിന്ന് നീക്കം ചെയ്യണമെങ്കിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിർദേശം ലഭിക്കണം. നിലവിൽ ഹൈക്കോടതി മുൻപാകെ ഇതുമായി ബന്ധപ്പെട്ട് നിരവധി കേസുകളുണ്ട്. ഹൈക്കോടതിയുടെ തീരുമാനത്തിന്

വിധേയമായിട്ടേ അവയെ നീക്കം ചെയ്യാനാകൂ. അത് മൂവ് ചെയ്യാൻ ഞങ്ങൾ തീരുമാനിച്ചു.

കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടത്തിൽ കേസിനെത്തുടർന്ന് ഒരു എക്സ്പെർട്ട് കമ്മിറ്റിയെ വയ്ക്കുകയും ആ എക്സ്പെർട്ട് കമ്മിറ്റി ഹൈക്കോടതിക്ക് ചില നിർദേശങ്ങൾ നൽകുകയും ചെയ്തു. വീണ്ടും ഈ വിഷയത്തിൽ ഹൈക്കോടതിയെ സമീപിക്കണമെങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് കോടതിയോട് പറയേണ്ടതുണ്ട്. ആനത്താര എന്നൊരു വാക്കില്ല. ആനയ്ക്ക് എവിടെയെങ്കിലും സഞ്ചരിക്കണമല്ലോ; അവിടെ പ്രഖ്യാപിതമായ ആനത്താരയില്ല. പക്ഷേ ആനയ്ക്ക് സഞ്ചരിക്കാൻ പാത വേണമല്ലോ; അല്ലെങ്കിൽ അപകടങ്ങൾ സംഭവിച്ചുകൊണ്ടിരിക്കും. എന്താണ് ഇവർ പറയുന്നത്; അത് സൃഷ്ടിക്കാതെ ആന യഥേഷ്ടം അപ്രത്യക്ഷമാകുമോ; മജീഷ്യൻ മുതുകാടിനെ കൊണ്ടുപോകണോ ആനയെ അപ്രത്യക്ഷമാക്കാൻ. വൈരുദ്ധ്യങ്ങളുടെ ഒരു ഘോഷയാത്രയായിട്ടാണ് ഞങ്ങളുടെ മുന്നിൽ വനം വകുപ്പ് നിൽക്കുന്നത്.

ചരിത്രപരമായി ചില കാര്യങ്ങൾകൂടി പരിശോധിക്കാം. നേരത്തെ സൂചിപ്പിച്ചതുപോലെ വനം വകുപ്പിന് മൂന്ന് ചില്വാനം ഏക്കർ സ്ഥലം മാത്രമേയുള്ളൂ. അന്നത്തെ സർക്കാരിന്റെ കാലത്ത് അവിടെ ആനയിറങ്കൽ 301 കോളനി സ്ഥാപിക്കപ്പെട്ടപ്പോൾ അന്നത്തെ ഡി.എഫ്.ഒ. എഴുതിയ കത്ത് എന്റെ കൈയിലുണ്ട്. ഡി.എഫ്.ഒ.-യുടെ കത്താണിത് (പേപ്പർ ഉയർത്തിക്കാണിച്ചു). ഡി.എഫ്.ഒ. അവരുടെ സുപ്പീരിയർ ഓഫീസേഴ്സിന് എഴുതിയ കത്താണ്. മതികെട്ടാൻചോലയിലേയ്ക്ക് കൊണ്ടുപോകരുത്, ചിന്നക്കനാൽ അനുയോജ്യമാണ് എന്ന് അറിയിച്ച് കൊടുത്ത കത്തിന്റെ അടിസ്ഥാനത്തിൽ അത് ഉന്നത ഉദ്യോഗസ്ഥർ അന്നത്തെ ഭരണനേതൃത്വത്തിലേയ്ക്കെത്തിച്ചു. അങ്ങനെ 301 കോളനി അവിടെ സ്ഥാപിച്ചു. അന്ന് കത്ത് എഴുതിയവർ ഇതിനെതിരായി വാദമുഖത്തിന്റെ ഭാഗമായി നിൽക്കുന്നത് ഒരു വൈരുദ്ധ്യമാണ്. ഇന്നത്തെ അടിയന്തരപ്രമേയം തന്നെ ഒരു വൈരുദ്ധ്യമാണ്. ജില്ലാ കളക്ടർ ഇറക്കിയ ഉത്തരവിന് വനം വകുപ്പുമന്ത്രി മറുപടി പറയുകയും പരിസ്ഥിതി വകുപ്പുമന്ത്രിയിലേക്ക് വരെ എത്തിയിട്ടാണല്ലോ അടിയന്തരപ്രമേയം ഇപ്പോൾ

നടക്കുന്നത്. ഞാൻ പറഞ്ഞല്ലോ ഞങ്ങൾക്ക് ഭൂമിയില്ല. 2006-07-ൽ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്തെ ഒരു സബ് കമ്മിറ്റി റിപ്പോർട്ട് എന്റെ കൈയ്യിലുണ്ട്. ആ സബ് കമ്മിറ്റി റിപ്പോർട്ട് പ്രകാരം അന്നത്തെ മൂന്ന് മന്ത്രിമാർ ശ്രീ. എ. കെ. ബാലൻ, അന്നത്തെ വനം വകുപ്പുമന്ത്രി ശ്രീ. ബിനോയ് വിശ്വം, ശ്രീ. കെ. പി. രാജേന്ദ്രൻ എന്നിവർ അടങ്ങുന്ന കമ്മിറ്റിയാണ് ആദ്യമായി ഇത് എലിഫന്റ് സാങ്ച്വറിയായി ഡിക്ലയർ ചെയ്യണമെന്ന് ശിപാർശ ചെയ്തത്. അതാണ് അങ്ങനെയൊരു ചർച്ച വന്നത്. 2023-ലെ എൽ.ഡി.എഫ്. സർക്കാർ 365 ഹെക്ടർ ഭൂമി ചിന്നക്കനാലിൽ റിസർവ് വനമായി പ്രഖ്യാപിച്ച് ഗസറ്റ് നോട്ടിഫിക്കേഷൻ ഇറക്കി. എന്താ അവിടെ കർഷകർ ഇല്ലായിരുന്നോ? വനഭൂമി ഇല്ലാത്തിടത്ത് 365 ഹെക്ടർ ഭൂമിയാണ് ഞങ്ങൾക്ക് ഗിഫ്റ്റ് ചെയ്ത് നോട്ടിഫിക്കേഷൻ ഇറക്കിയത്. നോട്ടിഫിക്കേഷൻ ഇറക്കിയിട്ട് അത് പ്രൊസീഡ് ചെയ്തില്ല. അവിടെ അവർക്ക് ഇത്രയും കൊള്ളുന്നത്, അവിടെ രണ്ട് വൻകിട റിസോർട്ടുകൾ സ്ഥാപിക്കപ്പെട്ടതുകൊണ്ടാണ്. അത് പൂർണ്ണമായും അനധികൃതമാണെന്ന് ഞാൻ പറയുന്നില്ല.

*15-10-2026*

*Adjournment Motion*

ആനകൾക്ക് പോകാൻ ഇനിയും രണ്ട് വഴിയുണ്ട്. അദ്ദേഹം സൂചിപ്പിച്ചതുപോലെ ഓൾഡ് അടിമാലി ഭാഗത്തേയ്ക്ക് തമിഴ്നാട് കണക്ട് ചെയ്ത് വനത്തിലേയ്ക്ക് പോകുന്ന ഒരു വഴി, അല്ലെങ്കിൽ മതികെട്ടാൻചോലയിലേയ്ക്ക് പോകുന്നത്. മതികെട്ടാൻചോലയിൽ കുറിഞ്ഞി പൂത്തുനിൽക്കുന്നതുകൊണ്ടും അത് ആന ഭക്ഷിക്കാത്തതുകൊണ്ടും ആന തിരിച്ചുവരും. ബോഡിമെട്ട് ഭാഗത്തേയ്ക്ക് പോകുന്നതിനെക്കുറിച്ച് എക്സ്പെർട്ട് കമ്മിറ്റി റിപ്പോർട്ട് വരികയും അവിടെ അദ്ദേഹം സൂചിപ്പിച്ച ബി.എം.&ബി.സി. ചെയ്ത ഹൈവേയുടെ ഭാഗമായി അവിടെ ഒരു പാസേജ് മുകളിൽക്കൂടി കൊടുക്കണമെന്ന് നിർദേശമുണ്ടായിരുന്നു. അതിന് റെക്കമെന്റേഷനുമുണ്ടായി. ഈ പ്രശ്നം പരിഹരിക്കണമെങ്കിൽ ഒന്നുകിൽ ആനയ്ക്ക് മുകളിൽകൂടി പോകാനുള്ള പാസേജ് അല്ലെങ്കിൽ മനുഷ്യന് മുകളിൽക്കൂടി പോകാനുള്ള പാസേജ് ഒരുക്കണം. അതിന് NHAI-യോട് ശിപാർശ ചെയ്യുകയും ചെയ്തു. ആ തുക ഇനിയും വാങ്ങിയെടുത്തിട്ടില്ല. അങ്ങനെയല്ലാതെ എങ്ങനെ ഈ മൃഗങ്ങൾ അവിടെനിന്ന് പോകും? ഇവിടെ രണ്ട് വൻകിട റിസോർട്ടുകൾ വന്നു. കോറിഡോർ എന്ന പദം ഞാൻ

ഉപയോഗിക്കുന്നില്ല. ആനയ്ക്ക് നടക്കാനുള്ള ഒരു വഴി, അതിന് എന്ത് പദം വേണമെങ്കിലും ഉപയോഗിക്കാം. അവിടെ തടസ്സമായി രണ്ട് റിസോർട്ടുകൾ നിൽക്കുന്നു. മഹീന്ദ്രാ റിസോർട്ട്സിന്റെ പേരിൽ അനധികൃതമായി പിടിച്ചുവച്ച ഭൂമി തിരിച്ചുപിടിക്കാൻ സർക്കാർ കേസ് കൊടുക്കുകയും ആ കേസ് 2022-ൽ വിധി വരികയും ചെയ്തു. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ച് സർക്കാരിന് അനുകൂലമായി ഭൂമി തിരിച്ചുപിടിക്കാൻ വിധി പുറപ്പെടുവിച്ചു. വളരെ വിചിത്രമായ കാര്യം എന്തെന്നാൽ 2025-ൽ അവർ വീണ്ടും സ്പെഷ്യൽ ലീവ് പെറ്റീഷൻ കൊടുത്തു. ആ കേസ് തള്ളിപ്പോയി. 2025-ൽ റിവിഷൻ പെറ്റീഷൻ ഫയൽ ചെയ്തു. മൂന്നു വർഷം ഉണ്ടായിരുന്നല്ലോ. ഞാൻ ശ്രീ. കെ. യു. ജനീഷ് കുമാറിനോട് പറയുന്നില്ല, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്, വളരെ കർക്കശക്കാരനും ഇരട്ടച്ചങ്കുള്ള ഭരണാധികാരി ആണെന്നുമല്ലേ പലരും വിശേഷിപ്പിക്കുന്നത്. എന്തേ ഈ മൂന്നു വർഷം കൈ വിറച്ചോ മഹീന്ദ്രാ റിസോർട്ടിന്റെ വേലി പൊളിക്കാൻ; മൂന്നു വർഷങ്ങൾ ഉണ്ടായിരുന്നിട്ടും എന്തുകൊണ്ട് സാധിച്ചില്ല? മഹീന്ദ്രാ, സ്റ്റെർലിങ് അടക്കമുള്ള റിസോർട്ടുകൾ നിയമാനുസൃതമല്ലെങ്കിൽ ഭൂമി

ഏറ്റെടുക്കേണ്ടിവരും. ഇപ്പോൾ അവർക്ക് നോട്ടീസ് കൊടുക്കാൻ തീരുമാനിച്ചു. ആനയ്ക്ക് പോകണ്ടേ എങ്ങോട്ടെങ്കിലും, അതിനെ പറഞ്ഞുവിടണ്ടേ. അവർക്ക് നോട്ടീസ് കൊടുത്തപ്പോൾ ഇവിടെ പലർക്കും പൊള്ളുന്നു. അതാണ് ഇവിടെ സംഭവിച്ചുകൊണ്ടിരിക്കുന്നത്. ഇതിൽ രാഷ്ട്രീയമില്ല, നമുക്ക് കൂട്ടായി ആലോചിക്കാം. എത്രയോ പതിറ്റാണ്ടുകളായി നിലനിൽക്കുന്ന ഒരു പ്രശ്നത്തിന് പരിഹാരം കാണണം. ബഹുമാനപ്പെട്ട കളക്ടറുമായി ഞങ്ങൾ രണ്ടുപേരും സംസാരിച്ചു. ഒരു പ്രത്യേക സാഹചര്യത്തിൽ കളക്ടർ ഒരു ഉത്തരവിട്ടു, പിന്നീട് അത് ഭേദഗതി ചെയ്തു. ഒന്നാമത് അടിയന്തരപ്രമേയത്തിന് recent occurrence ആയിട്ടുള്ള വിഷയങ്ങളാണ് എടുക്കുന്നത്. ഇത് കഴിഞ്ഞ മാസം 23-ന് നടന്നതാണ്. അതിനുശേഷം മുഖ്യമന്ത്രിയും ഞങ്ങൾ മന്ത്രിമാരും അവിടെപ്പോയി, നിയമപരമല്ലാത്തത് മാത്രമേ റിമൂവ് ചെയ്യാൻ പാടുള്ളൂ എന്ന് ക്ലാരിഫൈ ചെയ്തശേഷമാണ് രണ്ടാമത്തെ ഉത്തരവ് വന്നത്. അതിലും തെറ്റിദ്ധാരണയുണ്ടായി. അത്, 6 മണിക്കുശേഷം ആരും അവിടെ സഞ്ചരിക്കരുതെന്ന് സി.ഐ.പി.-ക്ക് അഡ്വൈസറി കൊടുത്തതാണ്. പക്ഷേ

അത് ദുർവ്യാഖ്യാനം ചെയ്യാനിടയുണ്ടെന്നുപറഞ്ഞ് ബഹുമാനപ്പെട്ട കളക്ടറുമായി ഞങ്ങൾ രണ്ടു മന്ത്രിമാരും സംസാരിച്ചു. അതിന്റെ അടിസ്ഥാനത്തിൽ വനത്തിനോട് ചേർന്നുള്ള കോൺഫ്ലിക്റ്റ് ഏരിയയിൽ മാത്രമാണ് അഡ്വൈസറിയായി പോകുന്നതെന്ന് കളക്ടർ ക്ലാരിഫിക്കേഷൻ കൊടുത്തു. ഞാൻ മറ്റ് രാഷ്ട്രീയത്തിലേക്ക് കടക്കുന്നില്ല. ഞാൻ ആദ്യം സൂചിപ്പിച്ചതുപോലെ ദിനേശിനെ പറഞ്ഞുമനസ്സിലാക്കാൻ വലിയ ബുദ്ധിമുട്ടാണ്. ആ ബുദ്ധിമുട്ട് ഞാൻ ആദ്യം മുതൽ നേരിടുന്നതാണ്. ആനയെ ഏറ്റവുമധികം ആകർഷിക്കുകയും വിളിച്ചുവരുത്തുകയും ചെയ്യുന്ന ഒരു ഫലമാണ് ചക്ക. ചക്ക പഴുത്താൽ തീർച്ചയായും ആന വന്നിരിക്കും. വനാതിർത്തി പ്രദേശങ്ങളിൽ  പഴുക്കുന്നതിനുമുമ്പുതന്നെ ഇടിച്ചക്ക, പച്ചച്ചക്ക പാകമാകുമ്പോൾ ചക്ക സംഭരിക്കാനുള്ള ശ്രമം നടത്തിയാൽ ആനശല്യം കുറയുമെന്നാണ് കർഷക പ്രതിനിധി സംഘടനകളുമായി ചർച്ച നടത്തിയപ്പോൾ പറഞ്ഞത്.  അപ്പോൾ ഇവർ ഏത് ഭാഗത്താണ് നിൽക്കുന്നത്? വിഷയദാരിദ്ര്യത്താലോ മറ്റാരുടെയെങ്കിലും താല്പര്യങ്ങൾ

സംരക്ഷിക്കാനോ വേണ്ടി കൊണ്ടുവന്ന ഉപക്ഷേപമായി കാണുന്നതിനാൽ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, ഈ വിഷയത്തിൽ ഞാൻ ഇടപെടേണ്ട ആവശ്യമില്ല. പക്ഷേ, ബഹുമാനപ്പെട്ട അംഗം ഉപക്ഷേപം അവതരിപ്പിച്ച സമയത്ത് ഒരു ആരോപണം ഉന്നയിച്ചു. ഒന്നാമതായി, റൂൾ 50 പ്രകാരം ഉപക്ഷേപ അവതരണവേളയിൽ ആരോപണം ഉന്നയിക്കാൻ പാടില്ലെന്നത് വളരെ വ്യക്തമാണ്. വലിയൊരു ഗൂഢാലോചന നടന്നുവെന്നും അതിൽ മുഖ്യമന്ത്രികൂടി പങ്കാളിയാണെന്നുമാണ് അദ്ദേഹം ഉന്നയിച്ച ആരോപണം. എന്താണ് ഗൂഢാലോചന? സി.എച്ച്.ആർ. ഭൂമി (കാർഡമം ഹിൽ റിസർവ് ഭൂമി) മുഴുവൻ വനഭൂമിയാക്കി മാറ്റാൻ വേണ്ടിയുള്ള വലിയ ഗൂഢാലോചന നടത്തി. സി.എച്ച്.ആർ. ഭൂമി വനഭൂമിയാക്കി മാറ്റാൻ എനിക്ക് എന്തിന്റെ അസുഖമാണ്; എന്താണ് ഈ പറയുന്നത്? സി.എച്ച്.ആർ. ഭൂമിയിൽ ഒരു നിർമ്മാണ പ്രവർത്തനങ്ങളും പാടില്ലെന്ന ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഉത്തരവുണ്ട്. ആ ഉത്തരവ് എങ്ങനെയാണ് ഉണ്ടായത്; മുൻകാലങ്ങളിൽ ഉമ്മൻചാണ്ടി സർക്കാർ ഉൾപ്പെടെയുള്ളവർ സ്വീകരിച്ചിരുന്ന

നിലപാട് എന്തായിരുന്നു? സി.എച്ച്.ആർ. ഭൂമിയിലെ മരം വനം വകുപ്പിന്റേത്, ഭൂമി റവന്യൂ വകുപ്പിന്റേത്. അത് റവന്യൂ ഭൂമി ആണെന്നാണ്. എന്നാൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ബഹു. സുപ്രീംകോടതിയിൽ അങ്ങനെയൊരു നിലപാട് സ്വീകരിച്ചില്ല. മാത്രമല്ല, ഇരുപതിനായിരത്തിലധികം ഹെക്ടർ സി.എച്ച്.ആർ. ഭൂമിയിൽ പട്ടയം കൊടുക്കാൻ 2009-ൽ ബഹു. സുപ്രീംകോടതിയുടെ ഉത്തരവുണ്ടായിരുന്നു. ഈ കേസ് ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ വന്നപ്പോൾ പട്ടയം കൊടുക്കാനുള്ള 2009-ലെ ഉത്തരവ് ഗവൺമെന്റ് അഭിഭാഷകർ കോടതിയിൽ കാണിച്ചില്ല. മാത്രമല്ല, പല കോടതികളിലും പല നിലപാടാണ് എടുത്തത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ് ഇത് സംഭവിച്ചത്. റവന്യൂ വകുപ്പ് ഇത് റവന്യൂ ഭൂമിയാണെന്നും വനം വകുപ്പ് ഫോറസ്റ്റ് ഭൂമിയാണെന്നും വാദിച്ചു. എന്തുചെയ്യുമെന്ന ആശ്ചര്യത്തിൽ ബഹുമാനപ്പെട്ട കോടതി കൈമലർത്തുകയാണുണ്ടായത്.

ഞാൻ ഒരു ഉദാഹരണം പറയാം, നേര്യമംഗലത്ത് നിന്നുള്ള ഒരു റോഡിന്റെ വിഷയത്തിൽ പരിസ്ഥിതി സംഘടനകൾ കേസ്

കൊടുത്തപ്പോൾ റവന്യൂ വകുപ്പ് ഇത് റവന്യൂ ഭൂമിയെന്നും വനം വകുപ്പ് ഇത് വനഭൂമിയാണെന്നുമാണ് പറഞ്ഞത്. ഒരേ ഗവൺമെന്റിന്റെ രണ്ട് വകുപ്പുകൾ കോടതിയിൽ കൊടുത്തിരിക്കുന്ന അഫിഡവിറ്റാണ് ഇത്. കോടതിയാകെ വിഷമിച്ചു. എന്നിട്ട് യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നശേഷം രണ്ട് വകുപ്പുകളുടെയും സെക്രട്ടറിമാരുടെയും യോഗം വിളിച്ച് ചേർത്ത് ഒരുമിച്ച് ഒരു അഫിഡവിറ്റ് നൽകുന്നതിനായി ചീഫ് സെക്രട്ടറിക്ക് നിർദേശം കൊടുത്തു. ഇരു വകുപ്പുകളും യോജിച്ച് ഇതാണ് ഗവൺമെന്റിന്റെ നിലപാടെന്ന അഫിഡവിറ്റ് കോടതിയിൽ കൊടുത്തശേഷമാണ് ഇപ്പോൾ ആ റോഡിന്റെ നിർമ്മാണം നടത്താൻ പോകുന്നത്. സി.എച്ച്.ആർ. ഭൂമിയിലെ നിർമ്മാണ പ്രവർത്തനങ്ങൾ മുഴുവൻ തടഞ്ഞുകൊണ്ടുള്ള സുപ്രീംകോടതിയുടെ ഉത്തരവ് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് എടുത്ത തെറ്റായ നിലപാടാണ്. മാത്രമല്ല, 1964-ലെ കേരള ഭൂപതിവ് ചട്ടപ്രകാരം വാണിജ്യ കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ അവിടെ നടത്താൻ പാടില്ലെന്ന ഉത്തരവാണ് ഇടുക്കിയിലെ ജനങ്ങളെ വിഷമിപ്പിക്കുന്നത്. കൈയേറ്റക്കാരും കുടിയേറ്റക്കാരും രണ്ടാണെന്ന

നിലപാടെടുത്ത് കൈയേറ്റക്കാരുടെ ലിസ്റ്റ് കോടതിയിൽ കൊടുത്തില്ല. കൈയേറ്റക്കാരുണ്ട്. ചിന്നക്കനാലിൽ മുഴുവൻ കൈയേറ്റങ്ങളാണ്. കേരളത്തിൽ ഏറ്റവും കൂടുതൽ കൈയേറ്റം നടന്ന ഭൂമിയാണ് ചിന്നക്കനാലിലുള്ളത്. 1964-ലെ ചട്ടമനുസരിച്ചുള്ള കേസ് കോടതിയിൽ വരുമ്പോൾ അവിടെ കൈയേറ്റക്കാരുടെ ലിസ്റ്റ് കൊടുക്കണം. കൈയേറ്റക്കാരുടെ ലിസ്റ്റ് കൊടുക്കാൻ പറ്റില്ല. കാരണം അറിയാമല്ലോ? അന്ന് കൈയേറ്റക്കാരുടെ ലിസ്റ്റ് കൊടുക്കാൻ പറ്റാത്തതുകൊണ്ടാണ് പ്രസ്തുത ചട്ടപ്രകാരമുള്ള പട്ടയഭൂമിയിൽ നിർമ്മാണ പ്രവർത്തനം നടത്താൻ പാടില്ലെന്ന ബഹു. ഹൈക്കോടതി ഉത്തരവ് നിലനിൽക്കുന്നത്. കോടതി മുഖേന കൃത്യമായ നിലപാടെടുത്ത് ആ ഉത്തരവ് ഞങ്ങൾ മാറ്റിക്കൊള്ളാം. ഇടുക്കിയിൽ ഒരു നിർമ്മാണ പ്രവർത്തനവും നടക്കുന്നില്ല. ഞാൻ മലയോര സമരയാത്ര നടത്തിയിരുന്നു. സി.എച്ച്.ആർ. ഭൂമിയിലെയും 1964-ലെ കേരള ഭൂപതിവ് ചട്ടത്തിലെ പ്രശ്നവും പരിഹരിക്കുമെന്നുള്ള നിലപാടെടുത്ത ഒരു ഗവൺമെന്റാണ് ഇവിടെ അധികാരത്തിലിരിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വകുപ്പുസെക്രട്ടറിമാരുൾപ്പെടെ

ഇടുക്കിയിൽ പോയി മൂന്ന് മണിക്കൂർ ചർച്ച നടത്തുകയുണ്ടായി. എന്നിട്ട് 50 ശതമാനം പ്രശ്നങ്ങൾക്ക് പരിഹരമുണ്ടാക്കി. കോടതിയുമായി ബന്ധപ്പെട്ട വിഷയങ്ങളാണ് ഇനി ബാക്കി നിൽക്കുന്നത്. അതിനൊക്കെ പരിഹാരമുണ്ടാക്കും. അക്കാര്യത്തിൽ യാതൊരു സംശയവും വേണ്ട. കഴിഞ്ഞ നിരവധി വർഷങ്ങളായി 10-12 വിഷയങ്ങളിന്മേൽ യാതൊരു പരിഹാരവും കാണാൻ കഴിയാതെ ജനങ്ങളെ മുഴുവൻ ബുദ്ധിമുട്ടിച്ചുകൊണ്ടിരിക്കുകയാണ്. സി.എച്ച്.ആർ. ഭൂമി വനഭൂമിയാക്കുക എന്നതല്ല ഈ ഗവൺമെന്റിന്റെ നിലപാട്. അത് റവന്യൂ ലാൻഡായതുകൊണ്ട് അവിടെ നിർമ്മാണ പ്രവർത്തനങ്ങളുൾപ്പെടെ നടത്താൻ അനുവാദം കൊടുക്കണമെന്നാണ് ഈ സർക്കാരിന്റെ നിലപാട് എന്ന് ഞാൻ വ്യക്തമാക്കുന്നു.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ബഹുമാനപ്പെട്ട വനം, വന്യജീവി-നൈപുണ്യ വികസന വകുപ്പുമന്ത്രിയുടെയും റവന്യൂ വകുപ്പുമന്ത്രിയുടെയും വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ റൂൾ 50 പ്രകാരമുള്ള നോട്ടീസിന് അവതരണാനുമതി നിഷേധിക്കുന്നു.

*15-10-2026*

*Adjournment Motion*

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് അവതരണാനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. പിണറായി വിജയൻ): സർ, വളരെ വിചിത്രമായ ചില വാദഗതികളാണ് ഇവിടെ ഉയർത്തപ്പെട്ടത്. ബഹുമാന്യനായ വകുപ്പുമന്ത്രി സംസാരിക്കുമ്പോൾ ഏതോ ഒരു റിസോർട്ടിന്റെ പ്രശ്നം അവിടെയുണ്ടെന്നും അവരുടെ ഫെൻസിങ് മാറ്റേണ്ട സാഹചര്യം വന്നപ്പോഴാണ് ഇത്തരമൊരു പ്രശ്നം ഉയർത്താൻ ചിലരൊക്കെ തയ്യാറായതെന്നും പറയുകയുണ്ടായി. അവിടത്തെ മുഴുവൻ ജനങ്ങളും പ്രത്യേകിച്ച് ഇടുക്കിയിൽ ജീവിക്കുന്ന ജനങ്ങളിൽ ഇത് വലിയ പ്രശ്നങ്ങളുണ്ടാക്കിയിട്ടുണ്ട്. സാധാരണഗതിയിൽ ഡി.സി.സി. പ്രസിഡന്റിന്റെ ഭാഗത്തുനിന്നും വ്യത്യസ്തമായൊരു പ്രസ്താവന ആരും പ്രതീക്ഷിക്കില്ല. ഇവിടെ സൂചിപ്പിച്ച റിസോർട്ടിന്റെ വക്താവായാണ് അദ്ദേഹം സംസാരിച്ചതെന്ന് പറയാൻ സാധിക്കുമോ? അപ്പോൾ അവിടെ നിലനിൽക്കുന്നൊരു പ്രശ്നമാണ്. ആ പ്രശ്നത്തെ ഗൗരവമായി കാണാതിരിക്കരുത്. അവിടെ അനധികൃതമായി കെട്ടിയ വേലികളും മറ്റുമാണ് പൊളിച്ചുനീക്കുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രി

ഇവിടെ പറയുകയുണ്ടായി. ജില്ലാ കളക്ടർ പുറപ്പെടുവിച്ച ഉത്തരവിന്റെ ഭാഗമായി സംഭവിക്കുന്നതെന്താണ്? അവിടെ താമസിക്കുന്ന കർഷകരായ ജനങ്ങൾ നിർമ്മിച്ച വേലികളും മതിലുകളുമൊക്കെ പൊളിക്കാനാണ് ഉത്തരവ് ബാധകമായിരിക്കുന്നത്. സ്വാഭാവികമായി ഇതുമായി ബന്ധപ്പെട്ട് വ്യക്തത വരുത്തേണ്ടത് ആവശ്യമായിരുന്നു. വന്യമൃഗങ്ങളുടെ സ്വാഭാവികമായ സഞ്ചാരപാത ഏതാണെന്ന് നിശ്ചയിച്ച പഠനങ്ങൾ നടന്നിട്ടുണ്ടാവുമല്ലോ; ആ ശാസ്ത്രീയ പഠനത്തിന്റെ റിപ്പോർട്ടുകൾ പുറത്തുകൊണ്ടുവന്നിട്ടുണ്ടോ; അക്കാര്യം ജനങ്ങളെ അറിയിച്ചിട്ടുണ്ടോ? ആ പാതയിലാണ് അല്ലെങ്കിൽ ആ വഴിയിലാണ് ഈ പറയുന്ന മതിലുകൾ സ്ഥാപിച്ചിരിക്കുന്നതെന്നത് അവിടത്തെ ആളുകൾക്ക് അറിയാമോ? അത്തരമൊരു റിപ്പോർട്ടുണ്ടെങ്കിൽ ആ റിപ്പോർട്ട് പരസ്യപ്പെടുത്താതിരുന്നത് എന്തുകൊണ്ടാണ്. ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുടെ ചെയർമാൻ ജില്ലാ കളക്ടറാണ്. അതേ കളക്ടറാണ് ഇങ്ങനെയൊരു ഉത്തരവ് നൽകിയിരിക്കുന്നത്. ടി ഉത്തരവ് ജില്ലക്കാകെ ബാധകമാണ്. അങ്ങനെയാണെങ്കിൽ ഗൗരവമായ വിഷയമായിട്ടല്ലേ ആളുകൾ ഇത്

സ്വീകരിക്കുകയുള്ളൂ. സാധാരണഗതിയിൽ ഇവിടെ സൂചിപ്പിച്ചതുപോലെ മതിലോ വേലിയോ പൊളിക്കുമ്പോൾ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ എന്താണ്? ആ നടപടിക്രമങ്ങൾ പരസ്യപ്പെടുത്തിയിട്ടുണ്ടോ/വ്യക്തമാക്കിയിട്ടുണ്ടോ; ഇതിനൊക്കെ നിയതമായ രീതികൾ നിർദേശിക്കാതിരുന്നാൽ എന്തൊക്കെ ഭവിഷ്യത്ത് ആയിരിക്കും സംഭവിക്കുക? ഏതെല്ലാം തരത്തിലുള്ള പ്രയാസങ്ങൾ സാധാരണ ആളുകൾക്ക് സംഭവിക്കുമെന്ന് അറിയണ്ടേ. അതിന്റെ ഭാഗമായി കർഷകർ വലിയ രീതിയിൽ ആശങ്കയിലായി എന്നതാണ് വസ്തുത. നമ്മൾ അത് കാണാതിരിക്കരുത്. ജില്ലയിലെ കർഷക സംഘടനകളും രാഷ്ട്രീയ പാർട്ടികളും ഈ പ്രശ്നവുമായി ബന്ധപ്പെട്ട് കാര്യങ്ങൾ ഏറ്റെടുത്ത് കഴിഞ്ഞല്ലോ; അത് എന്തുകൊണ്ടാണ്? ഇവിടെ സൂചിപ്പിച്ചതുപോലെ ഏതെങ്കിലും തരത്തിൽ ഏതോ റിസോർട്ടുകാരെ സംരക്ഷിക്കാൻ വേണ്ടിയാണോ; അവിടെ മണ്ണിൽ അധ്വാനിച്ച് ജീവിക്കുന്ന സാധാരണ കർഷകരുടെ വികാരത്തോടൊപ്പമല്ലേ അവരെല്ലാം അണിനിരക്കുന്നത്. അവർക്കെല്ലാം ഉണ്ടാകുന്നത് പ്രയാസമല്ലേ; അനധികൃതമായി റിസോർട്ടുകൾ

സ്ഥാപിക്കാൻ ശ്രമം നടക്കുന്നുണ്ടെങ്കിൽ അതിനെതിരെ എന്ത് നടപടി സ്വീകരിക്കുന്നതിലും പ്രയാസമുണ്ടാകില്ലല്ലോ? ബഹുമാനപ്പെട്ട വകുപ്പുമന്ത്രി സൂചിപ്പിച്ചപ്പോഴും ഇതുമായി ബന്ധപ്പെട്ട് വ്യക്തത വന്നിട്ടില്ല.

<u>ശ്രീ. ഷിബു ബേബി ജോൺ</u>: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് ഇക്കാര്യത്തിൽ ആശങ്കയൊന്നും വേണ്ട. അടിയന്തര സാഹചര്യത്തിൽ ഈ ഉത്തരവ് പുറപ്പെടുവിച്ച പിറ്റേന്നുതന്നെ ഇതിന്റെ ക്ലാരിഫിക്കേഷൻ നൽകിയിരുന്നു. അക്കാര്യം അങ്ങയുടെ ശ്രദ്ധയിൽ വന്നിട്ടില്ലെന്ന് തോന്നുന്നു. അതായത്, അനധികൃതമായി നിർമ്മിച്ച മതിലുകളും വേലികളും മാത്രമെ പൊളിക്കുകയുള്ളൂ. ഞാൻ ഇടുക്കി ജില്ലയിൽ പോയപ്പോൾ ഉത്തരവില്ലാതെ ചിലരുടെ മതിലുകൾ പൊളിച്ചുവെന്ന് മനസ്സിലായതിന്റെ അടിസ്ഥാനത്തിൽ അതിനെതിരെ കർശന നിർദേശം നൽകുകയുണ്ടായി. അങ്ങനെ പൊളിച്ചവർക്ക് ഓരോരുത്തർക്കും നോട്ടീസ് നൽകുന്ന പ്രക്രിയ നടന്നുകൊണ്ടിരിക്കുകയാണ്. അതിനുശേഷം നടന്നിട്ടുള്ള കാര്യങ്ങൾ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നില്ല. അതുകൊണ്ടാണ് ഇങ്ങനെയൊരു ആശങ്ക

അങ്ങേയ്ക്കുണ്ടായത്. റിപ്പോർട്ടുകൾ സംബന്ധിച്ച് പറയുകയാണെങ്കിൽ, ഒരു റിപ്പോർട്ടുകളും എന്റെ കാലഘട്ടത്തിൽ ലഭിച്ചിട്ടില്ല. അത്തരം റിപ്പോർട്ടുകൾ വന്നിട്ടുള്ളത് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് മുഖ്യമന്ത്രിയായിരുന്ന കാലഘട്ടത്തിലാണ്. അത് ജനങ്ങളെ അറിയിച്ചിട്ടുണ്ടോ ഇല്ലയോ എന്നതിന് എനിക്ക് വ്യക്തമായ മറുപടി നൽകാൻ സാധിക്കില്ല.

ശ്രീ. പിണറായി വിജയൻ: സർ, ഇപ്പോൾ ഇടുക്കി ജില്ലാ കളക്ടർ തയ്യാറാക്കിയ ഉത്തരവിന് അടിസ്ഥാനമായ റിപ്പോർട്ടുകൾ ഉണ്ടോ എന്നതിനെക്കുറിച്ചാണ് ഞാൻ സൂചിപ്പിച്ചത്. അതുമായി ബന്ധപ്പെട്ടുള്ള വിവരങ്ങൾ ജനങ്ങളെ ബോധ്യപ്പെടുത്തണം. അങ്ങനെ വന്നാൽ അതുമായി ബന്ധപ്പെട്ട് ജനങ്ങൾ ഈ വഴിയിൽ അല്ലേ ശ്രദ്ധിക്കുകയുള്ളൂ. ഇപ്പോൾ എല്ലാവരുടെയും ആശങ്കയെന്താകും? എല്ലാ സ്ഥലത്തും വന്യമൃഗ ശല്യമുണ്ടാകുമെന്നാണല്ലോ അവർ ഭയപ്പെടുന്നത്. അപ്പോൾ അത് നമ്മൾ ശ്രദ്ധിക്കേണ്ട കാര്യമാണ്. മറ്റൊരുകാര്യം, ബഹുമാന്യനായ മുഖ്യമന്ത്രി സംസാരിച്ചപ്പോൾ സി.എച്ച്.ആർ. ഭൂമിയുടെ കാര്യത്തിൽ എൽ.ഡി.എഫ്. സർക്കാരിന് എന്തോ വ്യത്യസ്ത നിലപാടുണ്ടായി എന്നൊരു ഭാഗം അദ്ദേഹം

സമർത്ഥിക്കാൻ ശ്രമിച്ചു. അത് തീർത്തും വസ്തുതാവിരുദ്ധമായ കാര്യമാണ്. എൽ.ഡി.എഫ്. സർക്കാരിന് എക്കാലത്തും ഓരേ നിലപാട് മാത്രമേയുണ്ടായിട്ടുള്ളൂ. സി.എച്ച്.ആർ. ഭൂമി റവന്യൂ വകുപ്പിന് അവകാശപ്പെട്ടത് തന്നെയാണ്; അത് റവന്യൂ ഭൂമിയാണ്. ദശാബ്ദങ്ങൾക്കുമുമ്പ് വലിയതോതിൽ വിവാദങ്ങൾ ഉയർന്നുവന്നപ്പോൾ എൽ.ഡി.എഫ്. സർക്കാർ സ്വീകരിച്ച പ്രഖ്യാപിത നിലപാടാണത്. അതേ നിലപാടാണ് തുടർന്ന് വരുന്നത്. അദ്ദേഹം സൂചിപ്പിച്ചതുപോലെയുള്ള ഒരു റിപ്പോർട്ട് കുറച്ച് വ്യത്യസ്തമായ രീതിയിൽ ആ കാലത്ത് വനം വകുപ്പിന്റെ ഭാഗമായി വന്നിരുന്നുവെന്നത് ശരിയാണ്. പക്ഷേ, അത് ആ ഘട്ടത്തിൽത്തന്നെ തിരുത്തിയതും അത് ശരിയല്ലെന്ന നിലപാടെടുത്തതുമാണ്. മാത്രമല്ല, വനംവകുപ്പുമായി ബന്ധപ്പെട്ട എല്ലാവരെയും അക്കാര്യങ്ങൾ അറിയിച്ചതുമാണ്. മാത്രമല്ല, സർക്കാരിന് ഇക്കാര്യത്തിൽ ഒരു നിലപാട് മാത്രമെയുള്ളൂ എന്നതാണ് അപ്പോഴും സ്വീകരിച്ച നിലപാട്. സി.എച്ച്.ആർ. ഭൂമിയെന്നത് റവന്യൂ ഭൂമിയാണെന്നത് തന്നെയാണ് ആ നിലപാട്. ഇക്കാര്യത്തിൽ നാം അവിടത്തെ ജനങ്ങളുടെ

പ്രശ്നം ഗൗരവമായി കാണാൻ തയ്യാറാകണം. അതുമായി ബന്ധപ്പെട്ട് അനാവശ്യമായ പ്രകോപനങ്ങൾ സൃഷ്ടിക്കുന്ന പ്രസ്താവനകൾ നമ്മുടെ ഭാഗത്തുനിന്ന് ഉണ്ടാവുകയല്ല വേണ്ടത്. അവിടത്തെ ജനങ്ങൾ മണ്ണിൽ അധ്വാനിച്ച് ജീവിക്കുന്നവരാണ്. അവരുടെ പ്രശ്നം യഥാർഥ പ്രശ്നമായി കാണണം. അവർക്ക് എന്തെങ്കിലും വിഷമകരമായ സാഹചര്യങ്ങളുണ്ടെങ്കിൽ ആ സാഹചര്യം പരിഹരിക്കുന്ന രീതിയിലായിരിക്കണം അവരെ നമ്മൾ സമീപിക്കേണ്ടത്. അല്ലാതെ അവർ ഏതെങ്കിലും റിസോർട്ടുകാരന്റെ വക്താക്കളാണെന്ന മട്ടിലല്ല സമീപിക്കേണ്ടത്. അങ്ങനെ സമീപിച്ചാൽ അവിടെ പ്രശ്നങ്ങൾ ഏറ്റെടുക്കുന്ന കർഷക സംഘടനകളായാലും രാഷ്ട്രീയ പാർട്ടികളായാലും നേരത്തെ സൂചിപ്പിച്ച ഡി.സി.സി. പ്രസിഡന്റടക്കമുള്ളവരുമൊക്കെ ഇതുമായി സഹകരിക്കാൻ തയ്യാറാകും. സർക്കാർ ഉദ്ദേശിക്കുന്ന കാര്യങ്ങൾ എന്താണെന്ന് വളരെ കൃത്യമായി പറയുകയാണ് വേണ്ടത്. യാതൊരു നടപടിയും സർക്കാർ സ്വീകരിക്കാൻ പാടില്ലെന്ന അഭിപ്രായമൊന്നും ഞങ്ങൾക്കില്ല. സർക്കാർ സ്വീകരിക്കുന്ന നടപടി ജനങ്ങൾകൂടി

അറിഞ്ഞുകൊണ്ടാവണം, ജനങ്ങളെ ബോധ്യപ്പെടുത്തികൊണ്ടാവണം, അതിനാവശ്യമായ നടപടി സ്വീകരിക്കണം. അതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഇതുമായി ബന്ധപ്പെട്ട് മറ്റ് കൂടുതൽ കാര്യങ്ങളിലേക്ക് കടക്കുന്നില്ല. ഗൗരവതരമായ ഒരു വിഷയമാണിത്. ആ വിഷയത്തിൽ സാധാരണഗതിയിൽ ഇത്തരമൊരു സമീപനമായിരുന്നില്ല സ്വീകരിക്കേണ്ടിയിരുന്നത്. തെറ്റായ ഈ സമീപനത്തിൽ പ്രതിഷേധിച്ചുകൊണ്ടും ഇതുമായി ബന്ധപ്പെട്ട് അവതരിപ്പിച്ച നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം ചർച്ച ചെയ്യേണ്ടതില്ലെന്ന സർക്കാരിന്റെ സമീപനത്തിൽ പ്രതിഷേധിച്ചുകൊണ്ടും ഞാനും എന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവ് ശ്രീ. പിണറായി വിജയനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

<u>ശ്രീ. കെ. രാജൻ</u>: സർ, യഥാർത്ഥത്തിൽ വളരെ ഗൗരവതരമായൊരു പ്രശ്നം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് വേണ്ടിയാണ്

പ്രതിപക്ഷാംഗങ്ങൾ ഇങ്ങനെയൊരു ഉപക്ഷേപം സഭയിൽ അവതരിപ്പിച്ചത്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ഇവിടെ സൂചിപ്പിച്ചതുപോലെ ജില്ലാ കളക്ടർ പുറപ്പെടുവിച്ച ഒരു ഉത്തരവിനെതിരായി നടപടി നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം കൊണ്ടുവരാമോയെന്ന സംശയമുന്നയിച്ചാൽ എസ്.ഐ. എടുത്തൊരു നടപടിക്കെതിരെ ഇതുപോലൊരു ഉപക്ഷേപം കൊണ്ടുവന്നിട്ടുണ്ട്. ജനങ്ങൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരിക എന്നതിൽ കവിഞ്ഞൊരു വികാരം പ്രതിപക്ഷത്തിന് ഉണ്ടായിരുന്നില്ല. പക്ഷെ, അങ്ങ് അതിനോട് സ്വീകരിച്ച സമീപനം വളരെ മോശമായിപ്പോയെന്ന് ഈ ഘട്ടത്തിൽ അറിയിക്കാതിരിക്കാനും സാധിക്കില്ല. സംസ്ഥാന ദുരന്തമായി പ്രഖ്യാപിച്ചതുകൊണ്ടാണ് സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ അധ്യക്ഷനായ ജില്ലാ കളക്ടർക്ക് ഇതിൽ ഇടപെടേണ്ടി വന്നതെന്ന് ഇവിടെ ബഹുമാനപ്പെട്ട വകുപ്പുമന്ത്രി സൂചിപ്പിച്ചു. എന്തിനാണ് സംസ്ഥാന ദുരന്തമായി ഇത് പ്രഖ്യാപിച്ചത്? സംസ്ഥാന ദുരന്തമായി പ്രഖ്യാപിക്കാനുള്ള പ്രധാനപ്പെട്ട കാരണം എന്താണ്; ഏതെങ്കിലും വിധത്തിലുള്ള വന്യമൃഗശല്യത്തിന്റെ

ഭാഗമായി ഒരാൾ മരണപ്പെട്ടാൽ അയാളുടെ കുടുംബാംഗങ്ങൾക്ക് നൽകാവുന്ന 4 ലക്ഷം രൂപയുൾപ്പെടെയുള്ള ആനുകൂല്യങ്ങൾ സംസ്ഥാന ദുരന്തനിവാരണ നിധിയുടെ ഭാഗമായി നൽകുന്നതുകൊണ്ടാണ് സംസ്ഥാന ദുരന്തമായി ഇത് പ്രഖ്യാപിക്കണമെന്ന് അന്ന് ആലോചിച്ചത്. അല്ലാതെ ജില്ലാ കളക്ടർ ഇല്ലാത്ത ഘട്ടം വന്നാലും ദുരന്തനിവാരണ അതോറിറ്റിയുടെ ഭാഗമായി വന്യമൃഗശല്യം അതിൽ ഉൾപ്പെടുത്തിയിട്ടില്ലെങ്കിലും ജില്ലാ കളക്ടർക്ക് ദുരന്തനിവാരണ അതോറിറ്റിയുടെ ഭാഗമെന്ന നിലയിൽ ഏത് ഘട്ടത്തിലും ഇടപെടാനുള്ള അവകാശമുണ്ട്. രാജ്യത്ത് ആകെയുള്ള 150 ആനത്താരികളിൽ 39 എണ്ണം ഇന്ത്യയിലുണ്ട്. അതിൽ ഏഴ് എണ്ണം കേരളത്തിലാണ്. ബഹുമാനപ്പെട്ട വനം, വന്യജീവി-നൈപുണ്യ വികസന വകുപ്പുമന്ത്രി സൂചിപ്പിച്ചതുപോലെ ചിന്നക്കനാൽ വനഭൂമിയില്ലാത്ത ഒരു വില്ലേജാണ്. മൂന്ന് ഹെക്ടർ എന്ന ചെറിയ കണക്ക് ഒഴിച്ചാൽ യഥാർത്ഥത്തിൽ അവിടെ വനഭൂമിയില്ലാത്തൊരു പ്രദേശമാണ്. വനഭൂമിയില്ലാത്ത പ്രദേശത്തേക്കും ജനങ്ങളുടെ സഞ്ചാര സ്വാതന്ത്ര്യത്തെ നിഷേധിച്ചുകൊണ്ട് ആനകൾ ധാരാളമായി വരുന്നൊരു ഘട്ടംവരുമ്പോൾ ജനങ്ങൾക്കിടയിൽ

ആശങ്കയുണ്ടാവുകയാണ്. ഇടുക്കിയെ സംബന്ധിച്ചിടത്തോളം ഏത് സർക്കാർ അധികാരത്തിൽ വരുമ്പോഴും റവന്യൂ ഭൂമി ഏറ്റെടുത്ത ധാരാളം അനുഭവങ്ങൾ വനം വകുപ്പിന്റെ ഭാഗത്തുനിന്നുണ്ടായിട്ടുണ്ട്. ജനങ്ങൾക്ക് ഒരു സംശയമുണ്ട്. 2023-ൽ ഇല്ലാതിരുന്ന ആനത്താര പെട്ടെന്ന് രംഗപ്രവേശം ചെയ്തുവെന്ന് കേൾക്കുമ്പോൾ, എസ്.സി.എ., ഇ.എസ്.എ. നടപടികളുടെ ഭാഗമായും ഏക വനം പദ്ധതിയുടെ ഭാഗമായും അതിലേക്ക് കൊണ്ടുവരികയാണോ എന്ന സംശയം ജനങ്ങൾക്കിടയിൽ ഉണ്ടാകുന്നത് സ്വാഭാവികമാണ്. ജോലി കഴിഞ്ഞുവരുന്ന പ്ലാന്റേഷൻ തൊഴിലാളികൾക്ക് ഉൾപ്പെടെ വൈകുന്നേരം ആറ് മണിക്കുശേഷം അതുവഴി പോകാൻ കഴിയുന്നില്ല എന്നൊരു പ്രശ്നം നിലനിൽക്കുന്നതുകൊണ്ട് ടി വിഷയം സർക്കാരിന്റെ ശ്രദ്ധയിലേക്ക് കൊണ്ടുവരിക എന്ന ലക്ഷ്യമാണ് പ്രതിപക്ഷത്തിനുണ്ടായിരുന്നത്.

ഞാൻ പറഞ്ഞവസാനിപ്പിക്കുകയാണ്. ഒരു കൈയേറ്റക്കാരനെയും അംഗീകരിക്കുന്ന പ്രശ്നമില്ല. ഏത് കൈയേറ്റക്കാരനെതിരെയും നിയമപരമായി കൈയാമം വച്ച് നടപടിയെടുത്താൽ എന്റെ കക്ഷിയുടെ ഭാഗത്തുനിന്നോ മുന്നണിയുടെ ഭാഗത്തുനിന്നൊ യാതൊരു ഇടപെടലും

ഉണ്ടാവില്ല. ഒരു കൈയേറ്റക്കാരനെയും അതിന് അനുവദിക്കുന്ന പ്രശ്നമില്ല. കൈയേറ്റത്തിന്റെ ഭാഗമായുള്ള റിസോർട്ടുകളിലും അവിടത്തെ സംവിധാനങ്ങളിലും ആദ്യമായിട്ടാണോ സർക്കാർ ഇടപെടുന്നത്? അവിടത്തെ ജനങ്ങൾക്ക് അറിയാമല്ലോ; നെല്ലിത്താനത്തെ 200 ഏക്കർ എസ്റ്റേറ്റും അതുമായി ബന്ധപ്പെട്ട കെട്ടിടങ്ങളും ചൊക്രമുടിയിലെ അനധികൃത പട്ടയങ്ങളും റദ്ദാക്കിയതുൾപ്പെടെയുള്ള എത്രയോ കൈയേറ്റങ്ങൾക്കെതിരെ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഞാൻ റവന്യൂ വകുപ്പുമന്ത്രിയായിരുന്നപ്പോൾ മുഖംനോക്കാതെ നടപടിയെടുത്തിട്ടുണ്ട്. ആ ഘട്ടങ്ങളിൽ ചിലർക്കൊക്കെ അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടാകും. ആ അഭിപ്രായ വ്യത്യാസങ്ങൾ കണ്ടില്ലെന്ന് നടിച്ച് ഒരു കൈയേറ്റക്കാരനെയും സംരക്ഷിക്കുന്ന പ്രശ്നമില്ല. പക്ഷെ, കാര്യങ്ങൾ തെറ്റായി ധരിപ്പിക്കാൻ ശ്രമിക്കുന്നത് അത്യന്തം അപകടകരവും അപമാനകരവുമാണ്. യഥാർത്ഥത്തിൽ ചിന്നക്കനാലിൽ ഒരു വനഭൂമിപോലും ഇല്ലാത്ത സ്ഥലത്ത് കാട്ടാനകൾ ഇറങ്ങിവരുന്നത് നേരത്തെ അങ്ങ് പറഞ്ഞതുപോലെ, കാടിനുള്ളിൽ ഭക്ഷണവും വെള്ളവും കിട്ടാത്തതുകൊണ്ടാണ്. നാട്ടിൽ

രൂക്ഷമായ കാട്ടാനശല്യമുള്ള ഘട്ടത്തിൽ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായ ഇടപെടലുകളെയും അങ്ങ് ചുമതലയേറ്റശേഷം വിളിച്ചുകൂട്ടിയ യോഗങ്ങളെയുമെല്ലാം ഞങ്ങൾ വളരെ സ്നേഹപൂർവം അംഗീകരിച്ചതാണ്. എന്നാൽ ഈ വിഷയത്തിൽ ഇത്രയും നിഷേധാത്മകമായൊരു സമീപനം ഞങ്ങൾ പ്രതീക്ഷിച്ചിരുന്നില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെ പറഞ്ഞതുപോലെ രണ്ട് കാര്യങ്ങൾകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. 1801/2010 എന്ന കോടതി വിധിയുടെ ഭാഗമായാണ്, 1960-ലെ കേരള ഗവൺമെന്റ് ഭൂപതിവ് നിയമത്തിന് കീഴിലുള്ള 1964-ലെ കേരള ഭൂപതിവ് ചട്ടങ്ങൾ പ്രകാരം ആദ്യം മൂന്നാറിലെ എട്ട് വില്ലേജുകളിലും പിന്നീട് ഇടുക്കിയിലും തുടർന്ന് കേരളത്തിലാകമാനവുമാണ് ആ നിരോധനം കൊണ്ടുവന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ 1964-ലെ ചട്ടം മാത്രമല്ല, 1960-ലെ ഭൂപതിവ് നിയമത്തിൽ നിലനിൽക്കുന്ന തെറ്റായ കാര്യങ്ങൾ ക്രമവൽക്കരിക്കാനും പുതിയ നിർമ്മാണങ്ങൾക്ക് അനുവാദം നൽകാനും വ്യവസ്ഥ ചെയ്തുകൊണ്ടുള്ള ഭൂപതിവ് നിയമ ഭേദഗതി പാസ്സാക്കിയത് കഴിഞ്ഞ സർക്കാരിന്റെ കാലത്താണ്. കേരളത്തിന്റെ

*15-10-2026*
*Adjournment Motion*

പ്രതിപക്ഷ നേതാവായിരിക്കുമ്പോൾ മൂന്നാം വായനയിൽ അങ്ങ് മാതൃകാപരമായി ഇടപെട്ടത് ഉൾപ്പെടെ ഞാൻ ഓർക്കുകയാണ്. ആ ഭൂപതിവ് നിയമം പാസ്സാക്കി ഇത്തരത്തിലുള്ള നിയമലംഘനങ്ങൾ (contraventions) ക്രമവൽക്കരിക്കാൻ നടപടിയെടുത്തത് മുൻ സർക്കാരാണ്. 1964-ലെ ചട്ടപ്രകാരമുള്ള ഭൂമിയിൽ ഇടുക്കിയിലെ പ്രശ്നമെന്താണ്? യഥാർത്ഥത്തിൽ 35,000 പട്ടയങ്ങൾ അവിടെ എഴുതി തയ്യാറായി ഇരിക്കുകയാണ്. ബഹുമാനപ്പെട്ട റവന്യൂ വകുപ്പ് മന്ത്രിക്ക് അത് അറിയാൻ സാധിക്കും. ഇവിടെ മുഖ്യമന്ത്രി സൂചിപ്പിച്ചതല്ല, ഇപ്പോൾ കോടതിയുടെ മുമ്പിലുള്ള കേസ്, 1964-ലെ ചട്ടം 7(1) പ്രകാരം കൈവശഭൂമിയിൽ (occupied land) 1971-ന് മുമ്പുള്ള കുടിയേറ്റക്കാർക്ക് എങ്ങനെ പട്ടയം നൽകാൻ തീരുമാനിച്ചുവെന്ന ചോദ്യമാണ്. അഡ്വക്കേറ്റ് ജനറൽ ഉൾപ്പെടെ നേരിട്ട് ഹാജരായിട്ടും കോടതി അത് അംഗീകരിക്കാത്ത പ്രത്യേക സാഹചര്യമാണ് ഉണ്ടായത്. സി.എച്ച്.ആർ. ഭൂമിയിൽ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെ സൂചിപ്പിച്ചതുപോലെ റവന്യൂ വകുപ്പിനോ സർക്കാരിനോ മറ്റൊരു നിലപാടുമില്ല. കോടതിയുടെ വിധി സി.എച്ച്.ആർ. ഭൂമിയിൽ പുതിയ

നിർമ്മാണങ്ങൾ ആരംഭിക്കാൻ പാടില്ല എന്നുമാത്രമാണ്; പഴയ നിർമ്മാണങ്ങളെക്കുറിച്ചൊന്നും പറഞ്ഞിട്ടില്ല.

മി. സ്പീക്കർ: യെസ്... യെസ്...

ശ്രീ. കെ. രാജൻ: സർ, ഞാൻ അവസാനിപ്പിക്കുന്നു. യഥാർത്ഥത്തിൽ ഈ വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി, ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ജനങ്ങളുടെ പ്രശ്നം പരിഹരിക്കണമെന്ന് ആവശ്യപ്പെടാനാണ് ഞങ്ങൾ ഈ ഉപക്ഷേപം അവതരിപ്പിച്ചത്. ഞങ്ങൾ സഭയിൽനിന്ന് ഇറങ്ങിപ്പോകണമെന്ന് തീരുമാനിച്ചതല്ല. എന്നാൽ മലയോര മേഖലയിലെ മനുഷ്യരുടെ ആശങ്കകൾക്ക് അർഹിക്കുന്ന സാന്ത്വനം നൽകാതെ വിഷയം അവതരിപ്പിച്ചവരെത്തന്നെ ആക്രമിക്കുന്ന വിധത്തിലുള്ള നടപടി ഉണ്ടായതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. രാജനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

*15-10-2026*

*Adjournment Motion*

<u>മി. സ്പീക്കർ</u>: ദയവായി അംഗങ്ങൾ നിയമസഭയ്ക്കകത്താണ് ഇരിക്കുന്നതെന്ന ബോധ്യമുണ്ടാകുന്നതാണ് നല്ലത്. ഞാൻ ആരുടെയും പേരെടുത്ത് പറയുന്നില്ല; എങ്കിലും എല്ലാവരും അവരവരുടെ സീറ്റുകളിലേക്ക് മടങ്ങണമെന്ന് ദയവായി ഓർമ്മിപ്പിക്കുകയാണ്.

<u>ശ്രീ. പി. കെ. പ്രവീൺ</u>: സർ, ഇടുക്കി ജില്ലയിലെ ചിന്നക്കനാൽ പ്രദേശത്തെ കർഷകർക്കും നാട്ടുകാർക്കും ഉണ്ടായ അത്യന്തം ഗൗരവമേറിയൊരു പ്രശ്നമാണ് സഭ മുമ്പാകെ കൊണ്ടുവന്നത്. നേരത്തെ ശ്രീ. കെ. രാജൻ സൂചിപ്പിച്ചതുപോലെ, സഭാ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം അവതരിപ്പിച്ച് സഭയിൽനിന്ന് ഇറങ്ങിപ്പോകാനല്ല ഞങ്ങൾ വന്നത്. ഇടുക്കി ജില്ലാ കളക്ടർ പുറപ്പെടുവിച്ച ഉത്തരവ് പൂർണ്ണമായും നിയമവിരുദ്ധമാണ്. സംസ്ഥാനത്തെ എല്ലാ കളക്ടർമാരും ഇത്തരത്തിൽ തീരുമാനങ്ങളെടുക്കാൻ തുടങ്ങിയാൽ ഈ നാടിന്റെ അവസ്ഥ എന്താകും? നാട് മുഴുവൻ കാട്ടാനകളുടെ വിഹാരകേന്ദ്രമായി മാറും. ബഹുമാനപ്പെട്ട വനം, വന്യജീവി-നൈപുണ്യ വികസന വകുപ്പുമന്ത്രി നർമ്മ രൂപത്തിൽ ചോദിച്ചത് മുതുകാടിനെ കൊണ്ടുവരാൻ പറ്റുമോ എന്നാണ്; മുതുകാടിനെപ്പോലുള്ള

മാന്ത്രികരെക്കൊണ്ട് പ്രശ്നം പരിഹരിക്കാമെങ്കിൽ പിന്നെ ഇവിടെ ഭരണാധികാരികളുടെ ആവശ്യമുണ്ടോ? ഓരോ വകുപ്പിലും ഓരോ മുതുകാട് ഉണ്ടായാൽ മതിയല്ലോ! ഇതൊരു ഗൗരവമേറിയ പ്രശ്നമായിത്തന്നെ നാം കാണണം. ആ മേഖല പ്രധാനമായും ഏലം കർഷകർ കൂടുതലുള്ള പ്രദേശമാണ്. കർഷകരെ സംബന്ധിച്ചിടത്തോളം ഇത്തരമൊരു പ്രതിസന്ധി ഉണ്ടാകുമ്പോൾ, ഭരണപക്ഷമെന്നോ പ്രതിപക്ഷമെന്നോ വ്യത്യാസമില്ലാതെ ഒറ്റക്കെട്ടായി മുന്നോട്ടുപോകേണ്ട സാഹചര്യമാണ് ഉണ്ടാകേണ്ടത്. അങ്ങ് പല പൊതുവിഷയങ്ങളിലും ക്രിയാത്മകമായി ഇടപെടാറുണ്ട്. അതിനാൽ ഇതിനും അർഹമായ പ്രാധാന്യം നൽകി പ്രശ്നം പരിഹരിക്കാൻ ഇടപെടണം. സഭാ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് അവതരണാനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. പ്രവീൺ സഭവിട്ട് പുറത്തുപോയി. സഭ വിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുള്ളിൽ സഭയിൽ തിരികെ ഹാജരായി.)

<u>ശ്രീ. സേനാപതി വേണു</u>: സർ,..... (മൈക്ക് ഓഫ്)

*15-10-2026*

*Adjournment Motion*

മി. സ്പീക്കർ: ദയവായി അങ്ങ് ഇരിക്കൂ. അതിനുള്ള സമയമുണ്ടാകും. ഇപ്പോൾ ശ്രദ്ധക്ഷണിക്കൽ കേൾക്കൂ; ഷെഡ്യൂൾ അനുസരിച്ച് കാര്യങ്ങൾ നടക്കട്ടെ. ദയവായി എല്ലാവരും സഹകരിക്കണം.